കളരി

പത്രാധിപർ.
എ. വി. എസ്സ്.
പണിക്കർ.

പുസ്തകം 1 | 1955 ഫെബ്രുവരി | ലക്കം 8

കളരിയുടെ കരളിൽനിന്ന്

മലയാള ഭാഷാസാഹിത്യശാഖയുടെ 'തുഞ്ചത്ത്'. സ്ഥിതിചെയ്ത് 'പൈങ്കിളി'യെക്കൊണ്ട് പാട്ടു പാടിച്ച് കേരളീയരിൽ സൽസാഹിത്യാഭിരുചിയും സംസ്കാരസമ്പത്തും വർദ്ധിപ്പിച്ച ശ്രീ തുഞ്ചത്താചാര്യരുടെ ഒരുസ്മാരകം സ്ഥാപിക്കേണ്ടതിലേക്ക് 1954 ഡിസംബർ 17-നു- വെള്ളിയാഴ്ച തൃക്കണ്ടിയൂർ, തുഞ്ചൻപറമ്പിൽവെച്ച് ഭാഷാസാഹിത്യ പ്രണയികളുടെ ഒരു സമ്മേളനം കൂടുകയുണ്ടായി. പ്രവർത്തകരുടെ ഈ ഉദ്യമത്തിൽ കളരി കരളലിഞ്ഞു് അനുമോദിക്കയുംസ്മാരകത്തെക്കുറിച്ച് ചില അഭിപ്രായങ്ങൾ പ്രകാശിപ്പിയ്ക്കുകയും ചെയ്തുകൊള്ളട്ടെ.

1 പട്ടാമ്പിയിൽ ഒരു സംസ്കൃത കോളേജുള്ളതുപോലെ, തുഞ്ചൻപറമ്പിൽ ഒരു മലയാള കോളേജ് സ്ഥാപിക്കുക. മലയാളത്തിലുള്ള സാഹിത്യപഠന സ്ഥാപനങ്ങളിൽ ഏറ്റവും ഉയർന്നസ്ഥാനം വഹിക്കുന്നതു് ഇതായിരിക്കണം.

2 രാമായണം, ഭാരതം, ഭാഗവതം, ചിന്താരത്നം, ഹരിനാമകീർത്തനം, ഇരുപത്തിനാലുവൃത്തം മുതലായ എഴുത്തച്ഛന്റെ കൃതികളെ-

ആസ്വാദ്യങ്ങളായ നിരൂപണങ്ങളോടുകൂടി പ്രസിദ്ധപ്പെടുത്തുക. രസം, ഭാവം, ധ്വനി, അലങ്കാരം, രചനാശില്പം, വിവർത്തനനൈപുണ്യം, മനോധർമ്മം മുതലായവയെല്ലാം വ്യക്തമാകുന്ന വിധത്തിൽ വിദഗ്ദ്ധന്മാരെക്കൊണ്ട് വിമർശനങ്ങളും എഴുതിക്കേണ്ടതാണ്. കൊച്ചിഭാഷാപരിഷ്ക്കരണക്കമ്മററിയിൽനിന്ന് എഴുത്തച്ഛന്റെ രത്നങ്ങൾ പ്രകാശിപ്പിച്ചിട്ടുള്ളതു ഞങ്ങൾ മറക്കുന്നില്ല.

3 എഴുത്തച്ഛനെക്കുറിച്ച് നാനാദിക്കുകളിലും പ്രചരിക്കുന്ന ഐതിഹ്യങ്ങളിൽ അദ്ദേഹത്തിന്റെ കുലമഹിമയ്ക്കും, ജന്മശുദ്ധിയ്ക്കും, സുജീവതചര്യക്കും മാലിന്യം വരുത്തുന്നവയായി കാണുന്ന അടിസ്ഥാനരഹിതങ്ങളായ ഭാഗങ്ങളെ കമ്മററി കേവലം നിഷേധിക്കുകയും, പാഠ്യപുസ്തകങ്ങളിൽ അങ്ങിനെയുള്ളവ കടന്നുകൂടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യുക.

കേരളത്തിന്റെ നാനാഭാഗത്തുനിന്നു മനംനിറഞ്ഞ ഭക്തിയോടും കൂപ്പുകൈയോടും കൂടി പലരും അവിടെ വന്നുചേർന്നിരുന്നു. എന്താണ് അതിൽ അത്ഭുതം!

അക്ഷരാനഭിജ്ഞത്വം; അജ്ഞത്വം മൂഢത്വവും
അക്ഷരവ്യക്തിവിഹീനാലാപങ്ങളുമെല്ലാം

ശൂദ്രന് * * * * * * * * * * * * *

വിധിച്ചിരുന്ന കാലത്ത് എഴുത്തച്ഛൻ എന്തെല്ലാം പ്രതിബന്ധങ്ങൾ തരണം ചെയ്തിട്ടാണു മലയാളികളെ സൽക്കാവ്യാമൃതം കൊണ്ടു അനുഗ്രഹിച്ചതു എന്നോർക്കുമ്പോൾ അദ്ദേഹം എല്ലാ കേരളീയരാലും എന്നെന്നും പ്രാതഃസ്മരണീയനാണല്ലൊ. ഈ സ്മാരകം കേരളീയ ജനതയ്ക്കു അദ്ദേഹത്തോടുള്ള ഭക്തിസ്നേഹബഹുമാനാദരങ്ങളെ ഹൃദയാന്തരീക്ഷത്തിൽ കാളംതുള്ളിക്കുന്ന ഒരു ജയവൈജയന്തിയായി പരിലസിക്കുമാറാകട്ടെ!

മോക്ഷസാധകങ്ങൾ

(പഴയന്നൂർ രാമപിഷാരോടി)

"പാർത്ഥായപ്രതിബോധിതാം
ഭഗവതാ നാരായണേനസ്വയം
വ്യാസേന ഗ്രഥിതാം പുരാണമുനിനാ
മദ്ധ്യേ മഹാഭാരതം.
അദ്വൈതാമൃതവർഷിണീം
ഭഗവതി മഷ്ടാദശാദ്ധ്യായനീ-
മംബത്വാമനുസന്ദധാമി
ഭഗവൽ ഗീതേ ഭവദ്വേഷിണി."

ജന്മാന്തരങ്ങൾ വളരെ കഴിഞ്ഞിട്ടാണല്ലോ മനുഷ്യജന്മം ലഭിക്കുന്നത്. അങ്ങിനെ എത്രയും കഷ്ടപ്പെട്ടുകിട്ടിയ മനുഷ്യജന്മം വൃഥാ വിലാക്കാതെ, മോക്ഷം സാധിക്കുകയെന്നുള്ളതാകുന്നു പുരുഷാർത്ഥം. ഹിന്ദുക്കളുടേയും, ജൈനന്മാർ, ബൌദ്ധന്മാർ മുതലായ മററ ആര്യമതാനുയായികളുടേയും അഭിപ്രായത്തിൽ മോക്ഷം എന്നാൽ ജന്മസംസാരബന്ധത്തിൽനിന്നുള്ള വിമുക്തി എന്നാകുന്നു അർത്ഥം. പരിശുദ്ധബുദ്ധി വൃത്തിയിൽ പ്രതിഫലിച്ച സ്വാത്മാനുഭൂതനായ ഈശ്വരനെ സാക്ഷാൽക്കരിച്ച്, പരമാനന്ദാനുഭൂതിയിൽ നിത്യതൃപ്തനായിഭവിക്കുകയെന്നുള്ളതും മോക്ഷംതന്നെ സംസാരശ്രേണിയിൽനിന്ന് മോചിച്ചാൽ മോക്ഷമായി.

ഈ മോക്ഷം സാധിപ്പാനായി ഈശ്വരാനുഗ്രഹീതന്മാരായ ഋഷിമാരും ഈശ്വരന്റെ പൂർണ്ണാവതാരമായ ഭഗവാൻ ശ്രീകൃഷ്ണനും നിർദ്ദേശിച്ചിട്ടുള്ള മോക്ഷസാധകങ്ങളെ കർമ്മമാർഗ്ഗം, ഭക്തിമാർഗ്ഗം, ജ്ഞാനമാർഗ്ഗം എന്നിങ്ങനെ വിഭജിക്കാമെങ്കിലും അവ അന്യോന്യം വളരെ ബന്ധപ്പെട്ടവയാണെന്ന് ഗീത തന്നെ സ്ഥാപിക്കുന്നുണ്ട്.

ഈശ്വരാർപ്പണമായി കർമ്മംചെയ്യുന്ന കർമ്മയോഗിയും, സർവ്വത്ര ഈശ്വരനാണെന്നും, ഈശ്വരനല്ലാതെ ബ്രഹ്മാണ്ഡത്തിലൊന്നുമില്ലെന്നുംധരിച്ച് "അഹം ബ്രഹ്മാസ്മി" എന്നുള്ള മഹാവാക്യത്തിലുറച്ച ജ്ഞാനയോഗിയും,

"സർവ്വഭൂതേഷുയഃ പശ്യേദ്
ഭഗവൽ ഭാവമാത്മനഃ
ഭൂതാനി ഭഗവന്യാത്മ-
ന്യേഷ ഭാഗവതോത്തമഃ"

എന്നറിഞ്ഞ് സർവ്വത്ര ഈശ്വരനെക്കണ്ട് എല്ലാററിനേയും ആരാധിച്ചുവരുന്ന ഭക്തയോഗിയും ഒരേ ഒരു അവസ്ഥയെത്തന്നെയാകുന്നു വിഭാവനം ചെയ്യുന്നത്. ജന്മം ദുഃഖമയമാണ്, അതിനാൽ അതിൽനിന്ന് രക്ഷ കിട്ടേണ്ടതിന്നായി ജീവിതം വിനിയോഗിക്കണം, അല്ലാഞ്ഞാൽ, ഭർത്തൃഹരി പറഞ്ഞതുപോലെ, "മാതുഃകേവലമേവ യൌവ്വനവനച്ഛേദേ കുഠാരിവയം" എന്ന നിലയാകുമെന്ന് അറിയുന്ന പുണ്യാത്മാവാകുന്നു മോക്ഷസാധകങ്ങളെപ്പററി വിചിന്തനം ചെയ്തുതുടങ്ങുക. എല്ലാ ജീവപ്രാണികളും അനന്തവും ശാശ്വതവുമായ സുഖത്തെ മാത്രമാണല്ലോ സർവ്വത്ര തേടുന്നത്. ഈ സുഖപ്രാപ്തിക്കും മോക്ഷം എന്നുപറയാം. ഇത് അനിത്യങ്ങളായ വസ്തുക്കളിൽനിന്ന് ഒരിക്കലും ലഭ്യമാകുന്നതല്ല. അതിനാൽ യാഗാദി പുണ്യകർമ്മങ്ങൾ ചെയ്താൽ ദിവ്യലോകങ്ങളിൽ കുറെ കാലത്തേക്ക് മാത്രമേ അധിവസിക്കുവാൻ സാധിക്കുകയുള്ളു. ഈ സിദ്ധാന്തത്തെ സൂചിപ്പിക്കുന്ന

"ക്ഷീണേ പുണ്യേ മർത്ത്യലോകം വിശന്തി" എന്ന വാക്യത്തിന്റെ അർത്ഥംതന്നെയാണ്

"ആബ്രഹ്മഭുവനാല്ലോകാഃ
പുനരാവർത്തിനോർജ്ജുന"

എന്നായി ഭഗവാൻ പറഞ്ഞത്. ബ്രഹ്മലോകം മുതലായ സകലലോകങ്ങളും പുനർജ്ജന്മത്തെ പ്രാപിക്കുന്നുവെങ്കിലും

"മാമുപേത്യതുകൌന്തേയ
പുനർജ്ജന്മനവിദ്യതേ"

"എന്നെ പ്രാപിയ്ക്കുന്നവക്ക്, ഹേ, കുന്തീപുത്ര, പുനർജ്ജന്മമുണ്ടാകുന്നതല്ല" എന്നു ഭഗവാൻതന്നെ പ്രതിജ്ഞചെയ്തു. അതായത്, ജഗദീശ്വരനെ പ്രാപിച്ചാൽ മാത്രമേ ജീവാത്മാവിന്ന് പുനരാവൃത്തിരഹിതമായ നില സാധിയ്ക്കുകയുള്ളു എന്നത്ഥം.

അങ്ങിനെ ജഗദീശ്വരനെ പ്രാപിപ്പാനുള്ള മാർഗ്ഗത്തിന്റെ സുഗമതയെപ്പററി ഗീതയിൽ ഇങ്ങിനെ പറഞ്ഞിരിയ്ക്കുന്നു.

1. ക്ലേശോധികതരസ്തേഷാ–
മവ്യക്താസക്തചേതസാം
അവ്യക്താഹിഗതിർദ്ദുഃഖം
ദേഹവത്ഭിരവാപ്യതേ

2. യേതുസർവ്വാണികർമ്മാണി
മയിസംന്യസ്യമത്പരാഃ
അനന്യേനൈവയോഗേന
മാംധ്യായന്ത, ഉപാസതേ

3. തേഷാമഹം സമുദ്ധർത്താ
മൃത്യുസംസാരസാഗരാൽ
ഭവാമി, നചിരിൽപാർത്ഥ
മയ്യാവേശിതചേതസാം.

ലോകാചാര്യനായ ശങ്കരഭഗവാനും മേൽപ്രസ്താവിച്ച ഗീതാവാക്യാർത്ഥത്തെത്തന്നെയാണ് ശിവാനന്ദലഹരിയിൽ

"അങ്കോലംനിജ ബീജസന്തതി–
രയസ്കാന്തോപലം സൂചികം–
സ്വാധ്വിനൈജവിഭുംലതാക്ഷിതി
രുഹംസിന്ധു സരിദ്വല്ലഭം.
പ്രാപ്നോതീഹയഥാ തഥാപശുപതേ
പാദാരവിന്ദദ്വയം
ചേതോ വൃത്തിരുപേത്യതിഷ്ഠതിസദാ
സാഭക്തിരിത്യുച്യതേ"

എന്നായി വിവക്ഷിച്ചത്.

ഇത്തരം ഭക്തിമാർഗ്ഗത്തെത്തന്നെയാണ് ലോകത്തിലെ പലമതങ്ങളും ഒരുതരത്തിലല്ലെങ്കിൽ മററൊരുതരത്തിൽ അവലംബിച്ചിരിയ്ക്കുന്നത്. മോസസ്, എബ്രഹാം, യേശുക്രിസ്തു, മുഹമ്മദ്നബി, സോറസ്റ്റർ മുതലായവർ, ഈശ്വരാനുഗ്രഹത്താൽ ശാശ്വതമായ സ്വർഗ്ഗം ലഭിയ്ക്കുമെന്ന് അവരവരുടെ അനുയായികളെ ഉൽബോധിപ്പിച്ചു. തൌറാരത്, ബൈബിൾ, ഖുറാൻ, സെന്ദവസ്ത മുതലായ മതഗ്രന്ഥങ്ങളെല്ലാം ഈശ്വരന്റെ കരുണയെപ്പററിയും ഭക്തവാത്സല്യത്തേയുമാകുന്നു പ്രതിപാദിയ്ക്കുന്നത്. ദ്വൈതമതക്കാരായ അവരുടെയെല്ലാം വഴികളെന്നെ ഭഗവൽഗീതയിലും ഭഗവാൻ കാണിച്ചുതന്നിരിയ്ക്കുന്നു. അചഞ്ചലമായ ദൈവഭക്തി ഒന്നുകൊണ്ടല്ലാതെ ഒരിയ്ക്കലും മോക്ഷം സാധിയ്ക്കുന്നതല്ലാ എന്ന് മേൽപ്പറഞ്ഞ മതഗ്രന്ഥങ്ങളെല്ലാം പ്രഖ്യാപിയ്ക്കവെ, ഭഗവൽഗ്ഗീത അതിൽനിന്നും ഒരുപടി മുന്നോട്ടു കയറിയിട്ട് മററു മോക്ഷമാർഗ്ഗങ്ങളെക്കുറിച്ചും ശക്തിമത്തായ ഭാഷയിൽ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. കർമ്മജ്ഞാനയോഗങ്ങളാകുന്നു ആമാർഗ്ഗങ്ങൾ. "കർമ്മയോഗോ വിശിഷ്യതെ" എന്നും, "നഹിജ്ഞാനേന സദൃശം പവിത്രമിഹ വിദ്യതെ" എന്നും, "മന്മനാഭവ, മത്ഭക്തോ, മദ്യാജി മാം നമസ്കുരു" എന്നും ഓരോമാർഗ്ഗങ്ങളെക്കുറിച്ചും വേറെവേറെ സ്തുതിച്ച് അധികാരിഭേദംപോലെ ചിത്തഭേദവും ഉണ്ടാകുമെന്ന് നിശ്ചയിച്ചിട്ടാകുന്നു. എല്ലാവക്കും ഒരേഒരു വഴിയേയുള്ളു എന്ന സത്യാഭാസം പ്രപഞ്ചപിതാവായ ഭഗവാനിൽനിന്ന് എങ്ങിനെയുണ്ടാകും? ലോകോത്തരമതഗ്രന്ഥമായ ഭഗവൽഗ്ഗീതയിൽ എങ്ങിനെയാണ് അങ്ങിനത്തെ അസംഭാവ്യമായ അവസ്ഥ നിർദ്ദേശിയ്ക്കപ്പെടുക? ശ്രീശങ്കരാചാര്യർ, ശ്രീരാമാനുജാചാര്യർ, ശ്രീമാദ്ധ്വാചാര്യർ, ബാലഗംഗാധരതിലകൻ, വിവേകാനന്ദൻ, അരവിന്ദഘോഷ്, മഹാത്മാഗാന്ധി മുതലായ ദിവ്യന്മാരായ ഭാരതീയക്കും, Burn of karl hunbolt, David Ihora, Johnston, ആനിബസൻറ് മുതലായ വിദേശിയക്കും അമൃതപാനീയാസ്വാദനത്തിന്നിടയാക്കിയതും, അനേകം കോടി ഭാരതീയക്ക് മനശ്ശാന്തി നൽകിയതും, ജ്ഞാനലോകത്തിലെ വരജ്യോതിസ്സിന്റെ മൂർത്തീകരണമായി ഇന്നും നിലകൊള്ളുന്നതുമായ, വേദോപനിഷദ്സ്മൃതികളുടെ സമഗ്രസംഗ്രഹമായ ഭഗവൽഗ്ഗീതയിൽ സത്യാവസ്ഥയല്ലാതെ, സത്യാഭാസാവസ്ഥ ഒരിയ്ക്കലും കാണുന്നതല്ല. അതിനാൽത്തന്നെയാകുന്നു ഗീതയിലെ ഭക്തിയോഗസിദ്ധാന്തം

(ശേഷം 16–ാംപേജിൽ)

ഇനിയില്ല

(വിദ്വാൻ കണ്ണത്തു് മാധവൻനായർ)

(കേക)

ഭാവനാപക്ഷംവീശി വീശി മേലോട്ടെൻചിന്താ-
ഭൃവുവിട്ടുയർന്നുയർന്നണഞ്ഞു വിണ്ണിന്നകം
നന്ദനാരാമത്തിങ്കൽ തത്തുംവാരാമേദുര-
മഞ്ജിമയെൻചിത്തത്തെയാനന്ദാമൃതമൂട്ടി
വിസ്മയത്തിൻെറ വിദ്യുത്തേല്ക്കയാൽ നിന്നേനെല്ലാം
വിസ്മരിച്ചല്പംനേരം തൂണുപോലാദ്ദേശത്തിൽ
പാഞ്ഞു വന്നൊരു ദീനരോദനം മൽക്കർണ്ണത്തി-
ലാഞ്ഞുകേറിയുൾത്തട്ടിൽ പുക്കടൻ കൂത്താട്ടമായ്.
വെമ്പിമന്നയനങ്ങളാവിലാപത്തിൻ മാർഗ്ഗ-
മമ്പിലാരായാൻ—സ്വർഗ്ഗരാജ്യത്തു മത്തൽക്കുള്ളതോ?
അങ്ങകലെയായ് പൂത്ത കല്പവൃക്ഷത്തിൻ കീഴിൽ
തങ്ങുമപ്പൊന്നിൻതറ തന്നിലെപ്പൂമെത്തയിൽ
ഉണ്ടൊരു മനോഹരി തൻമൃദുകളേബരം
വിണ്ടുകേഴുന്നു പാവം ശോണിതനിമഗ്നയായ്'.
വിണ്ടലമനസ്വിനിമാരുടെ പരിചര്യ-
യിണ്ടലിൻ തീയിൽച്ചേർക്കുമെണ്ണമാത്രമായ്ക്കാണ്മൂ.
ഏററമമ്പരന്നുഞാനെത്തിയാരംഗത്തിങ്കൽ
മുററിനില്ക്കുവോരോടായ് ച്ചോദിച്ചേ—'നെന്തേപററീ?
'ശ്വാവിൻെറ പുച്ഛം നരലോകമെന്നുമേ നേരെ-
യാവില്ല, നേരേയാക്കാൻ നോക്കുവോരാം മൂഢാത്മാക്കൾ'
ഓതിനാളൊരു ദേവി, 'വ്യക്തമായ് നടന്നതു
സാദരം ചൊല്ലേണ'മെന്നവളോടഭ്യർത്ഥിച്ചേൻ.
'കണ്ടില്ലേ നീയി "ധർമ്മദേവത"ക്കുർവ്വീതലം
സമ്മാനിച്ചതു' പാരം ചൊടിച്ചു ദേവാംഗന.
'കണ്മുമ്പിൽ കണ്ടാൽ മാനം കെടുത്തുമതും പോരാ-
ഞ്ഞിമട്ടമട്ടിച്ചയക്കേണമോ പിശാചുക്കൾ
വേദമായ് വേദാന്തമായ് ഗീതയായ് പുരാണമായ്
ബൈബിളായ് കുറാനിയിപ്പലരൂപവുംപൂണ്ടു
പോയാളങ്ങിവരാൾധീരം പൊരുതാളധർമ്മത്തോ-
ടായില്ല വിജയശ്രീലാളിതയായിടപ്പാരാൻ.
പിന്നീടിതെല്ലാമൊന്നിച്ചാൻ 'ഗാന്ധിസ'മെന്നോ-
രുന്നതമനോഹരാദർശമായിളചൂകി

അന്ധകാരത്തോടമർച്ചെയ്തിവൾ മന്ദം മുന്നോ-
ട്ടേന്തുമുത്സാഹത്തോടെ നീങ്ങവേ, വിശ്രമം കഷ്ടം!
തെല്ലുമേ വിവേകമില്ലാതെ വർഷിച്ചാൻ പാര-
മല്ലലേററീടുമണു ബോമ്പുകൾ ഭയങ്കരം
ഇല്ലിനി നൂററാണ്ടുകൾ ചെന്നാലുമിവൾ പോവു-
കില്ല ഭൂവിന്റെ മാറാഭ്രാന്തിന്നു വളംചേർക്കാൻ'.
    ഇമ്മട്ടിൽ വിൺമങ്കയാൾ രൂക്ഷമായ് കഥിക്കുമ്പോൾ
നിന്നു ഞാൻ മൌനം, ചോദ്യമൊന്നുയർന്നിതെന്നുള്ളിൽ
മുക്തിസാധനം ധർമ്മമെന്നറിഞ്ഞിട്ടും ലോക-
മെന്താവാം ധർമ്മത്തോടിമ്മട്ടുവൈരത്തെക്കാട്ടാൻ?.

അവൾക്കുള്ളത്

(നീലകണ്ഠജി)

1 സുന്ദരിയല്ലല്ല—ഗന്ധർവ്വനാരിപോൽ
സുന്ദരിയല്ലെന്റെ റാണി?

2 അമ്പിളിയമ്മാനെ വെല്ലുന്ന കാന്തിയും
ചിന്തുന്നോളല്ലെന്റെ റാണി.

3 വെള്ളാരം കല്ലിനെ വെല്ലുന്ന വർണ്ണവു-
മുള്ളവളല്ലെന്റെ റാണി

4 വണ്ടിണയല്ലല്ല ചണ്ടിയും നാണിക്കും
കൊണ്ടലുമുള്ളവളല്ലാ.

5 വില്ലുവളച്ചുപിടിച്ചതുപോലുള്ള
ചില്ലിയുമുള്ളവളല്ലാ.

6 വാനിന്റെനീലിമയോളമടിക്കുന്ന
കേഴമാൻ കണ്ണാളുമല്ലാ.

7 നൽക്കിളിച്ചുണ്ടിനുമീർഷ്യ ചമക്കുന്ന
നാസികയുള്ളോളുമല്ലാ.

8 പുല്ലാങ്കുഴലിന്റെ നാദമൊലിക്കുന്ന
പൈങ്കിളിവാണിയുമല്ലാ.

9 ചെണ്ടിന്റെ മാർദ്ദവ മോലുന്ന ചെന്തൊണ്ടി-
ച്ചുണ്ടുകളുള്ളോളുമല്ലാ

10 മുല്ലപ്പൂമാല്യത്തെ—താരാഗണത്തേയും
വെല്ലുന്നപല്ലുള്ളോളല്ല.

11 സുന്ദരിയല്ലല്ല—വാനവനാരിപോൽ
സുന്ദരിയല്ലെന്റെ റാണി!

12 എങ്കിലു,മെങ്കിലും സ്നേഹം തുളുമ്പുന്ന
തങ്കത്തളികയെൻറാണി.

13 സ്നേഹിക്കാൻ, സ്നേഹിക്കപ്പെട്ടീടാൻപാറുന്ന
മോഹനചിത്തയെൻറാണി

14 സാവിത്രിപോലെ—യരുന്ധതിപോലെയും
പാവനചിത്തയെൻറാണി.

ഓർമ്മയുടെ ഓളങ്ങൾ

ഡേവി

ഹാ! യുവത്വത്തിന്റെ സൌഭഗത്വം നിറഞ്ഞു തുളുമ്പുന്ന മനോജ്ഞമധുരസ്വപ്നങ്ങൾ കെട്ടിയുയർത്തിയ ആ ഉത്തുംഗപ്രാസാദം ഇതാ തകരുന്നു. കരളിന്റെ അഗാധതയിൽനിന്ന് ഉടലെടുത്ത ആ മനോഹര മണിസൌധം ഇതാ ഇടിഞ്ഞുപൊളിഞ്ഞു നിലം പതിക്കുന്നു. അനവദ്യമോഹനമായ ആ ചിന്താവിഹഗം അതാ ചിറകററു നിലംപതിച്ചു. ഞാനൊരു പരാജിതൻ! ഞാനൊരു പരിത്യക്തൻ! നീയുമായുള്ള വേർപാടിന്റെ വികലവും, വിജൃംഭിതവുമായ ആ അനതിവിദൂരതയിൽ ഞാനിനി ജീവിക്കണമെന്നോ?

പ്രിയേ! കുനയവും, കുടിലതയും നിറഞ്ഞ ഈ വിശ്വാരാമത്തിൽ നാം രണ്ടു ഇണപ്രാവുകൾ. സ്നേഹത്തിന്റെ പൂഞ്ചിറകുകൾ വിടുർത്തി പൂംചന്ദ്രിക ഊന്നൊഴുകുന്ന പൂനിലാവിൽ അനന്തമായ ആകാശത്തിൽ നാം സ്വച്ഛന്ദം വിഹരിച്ചു. വൃക്ഷശിഖരങ്ങളിൽ ഇരുന്നുകൊണ്ടു് പക്ഷികൾ കർണ്ണപീയൂഷമായ ഗാനം ആലപിച്ചു! അവ നമ്മുടെ യഥാർത്ഥപ്രേമത്തെ പാടിപ്പുകഴ്ത്തുകയാണെന്നു് നീ പറഞ്ഞു. സുമധുരങ്ങളായ രണ്ടു ഗാനതരംഗങ്ങളുടെ സമ്മേളിച്ചുയരുന്ന ആ സ്വർഗ്ഗീയസംഗീതം ആസ്വദിച്ച് ആനന്ദനിമഗ്നരായി നാം ആറാടികളിച്ചു. പക്ഷെ! നീയെന്നെ വിസ്മരിച്ചു! ഭാസുരയവനികകളുള്ളിൽ ഈ യുവമിഥുനങ്ങൾ പാടിക്കളിച്ച മറക്കാത്തരംഗങ്ങൾ എന്നെ നോക്കി അപഹസിക്കുകയാണ്.

രണ്ടുനേത്രങ്ങൾ! അതെന്റെ ഹൃദയദർപ്പണത്തിൽ രാപ്പകൽ സ്നേഹംനിറഞ്ഞ രണ്ടു വിളക്കുകൾ പോലെ കത്തിജ്വലിച്ചുകൊണ്ടിരിക്കയാണ്. എന്റെ ജീവിതത്തിൽ ആയിരമായിരം നവാഭിലാഷങ്ങൾ ഉയിരെടുത്തു് അതാ! ഭൂതകാലാകാശവീഥിയിൽ പുളകംചാർത്തിനില്ക്കുന്നു. അനുരാഗത്തിന്റെ അതീതലാളനമേററിരുന്ന അനർഘനിമിഷങ്ങൾ! ഹൃദയം നിരാശാഗ്നിയിൽകിടന്നു് വെന്തു വെണ്ണീറാകുമ്പോൾപോലും ഭാവിയുടെ കരിപുരണ്ട ചിത്രങ്ങളുടെ മുൻപിൽ വേദനയുടേയും, വൈരാഗ്യത്തിന്റേയും ദൃഷ്ടികൾ! ആ രണ്ടുനയനങ്ങൾ എന്നെ മാടിവിളിക്കുന്നു. പ്രിയതമേ! അനവദ്യമായ, അനർഘമായ ആ സുമധുരനാമം ഇനിഞാൻ എന്തിന് ഉച്ചരിക്കുന്നു. എന്റെ മനോമുകുരത്തിൽ സരള ഗാനധാരയിൽ പൂനിലാവിന്റെ നറുംപുഞ്ചിരിയിൽ ജീവിതത്തിന്റെ ഭീകരമായ വഴിത്തിരിവുകളിൽ എന്തിന് ഈ പ്രപഞ്ചപ്പരപ്പിന്റെ കപടമയമായ രംഗങ്ങളിലെല്ലാം ഓമനേ! നിന്നെഞാൻ പ്രേമിച്ചു, നീയെന്നെ പ്രേമിച്ചു. കൈകൾ കോർത്തു് മധുരസംഗീതമാലപിച്ച് നാം മുന്നോട്ടു് പ്രയാണംചെയ്തു.

സഖീ! അഭിലാഷത്തിന്റെ അതീവസന്തുഷ്ടിയാൽ നിന്നെ ഞാൻ പരിലാളിച്ചു.......പക്ഷെ....... ആത്മാർത്ഥതയുടെ അരുണിമപൂണ്ട അധരോഷ്ഠങ്ങൾ നിന്റെമേൽ പ്രേമത്തിന്റെ മായാത്ത മുദ്രയടിക്കാൻ ഹൃദയത്തുടിപ്പോടെ കൊതിപൂണ്ടണഞ്ഞപ്പോൾ ഹാ! നീ എവിടെ? ഹൃദയകാഠിന്യതയുടെ, മൃഗീയവൈരാഗ്യത്തിന്റെ നിഷ്ഠൂരഹസ്തം നിന്നെ അപഹരിച്ചുകൊണ്ടുപോയി.......ഹാ! അതോർക്കുമ്പോൾ.......അനീതിയുടെ, അന്യായത്തിന്റെ അടിത്തട്ടിൽനിന്നു് ഉയിരെടുത്ത ആ മർത്ത്യകൌണപന്മാർ! ദുഷ്പ്രവൃത്തദുർമ്മോഹപ്പരിഷകൾ! ആക്രമണത്തിന്റെ അട്ടഹാസങ്ങൾ! സുഖിക്കണം. അസന്മാർഗ്ഗികമായ സുഖാവേശത്തിന്റെ മാദകലഹരിയിൽ മത്തടിച്ച മദോന്മത്ത

വസന്തം വന്നപ്പോൾ

ഭാസ്കരൻ ആലപ്പാട്ട് ബി. എ.

ശശികല ശീതള കോമള രശ്മി
നിശയില വിരളം തൂകുമ്പോൾ
വിധുര വിദൂരിതം വിധു ബന്ധുക്കൾ
മധുരിത ഹാസം ചൊരിയുമ്പോൾ
അവികല ലാലസ മാധവ മാസം
അവനിയിലാഗത മാകുമ്പോൾ
സുലളിത സുന്ദര കോകില ഗാനം
സുരഭില മാരുതനോതുമ്പോൾ
അതുല സുമാദക ചിന്താ ശകലം
അതു പൊഴുതഴലാന്നേത്തുന്നു
സുമ സമ മോഹന മേതോവദനം
മമ മന മുള്ളിൽ തെളിയുന്നു.

ചെറുചിരി ചോരുമ ചോരിവ ചേലിൽ
കുറുനിര പാറിട്ട മാഫാലം
ഒരു നവ ഗാനം കവിയും നയനം
ഗുരുതര ലോലം കമനീയം
ശരി ശരി ഓർമ്മയിലിപ്പോളതുലേ
ശശി ശകലം പോൽ വിലസുന്നു.

മിളിതസുഖം ഹ! ഹ! ബാലിശ കാലം
കളിചിരിയോലുമ പൂക്കാലം.
സഖി സഹിതം പല സ്നേഹിതരായി .
സരസതി വേദിത മക്കാലം
സരസി ജനേത്രേ തരസാ സ്മൃതിയിൽ
സകലവുമിന്നു നിരക്കുന്നോ?

ത്തിന്റെ നീചപ്രവൃത്തികൾ! മനുഷ്യഹൃദയത്തെ ഇഞ്ചിഞ്ചായി കടിച്ചുടച്ചുതിന്നുന്ന പിശാചുക്കൾ! അയ്യോ! ഹാവൂ! അവളെ കട്ടുകൊണ്ടുപോയി.......... ഓമനേ! നിന്നെ ഞാൻ സ്നേഹിച്ചു! നീ എന്നെ സ്നേഹിച്ചു! ഓർമ്മയുടെ ഓളങ്ങൾ! അതെ! എന്റെ വെന്തൊടുങ്ങുന്നില്ലും, നീറിനീറി എരിഞ്ഞൊടുങ്ങുന്ന ചിന്താസംഗതികളെ അതിജീവിപ്പിക്കുകയാണെങ്കിൽ ഹാ! ദയനീയം.

കഴിഞ്ഞുപോയ കാലങ്ങൾ, മധുരിപ്പിക്കുന്ന അനുഭവകഥകൾ ഞാൻ എന്തിനു ചിന്തിക്കണം? ജീവിതത്തിലെ മതിമോഹനമായ ആ അമൂല്യസമ്പത്ത് എന്ത്! അത് ഇനി കരഗതമാകുമോ? ഇല്ല. നിറന്ന നിമിഷങ്ങൾ അതാ അങ്ങകലെ മരണത്തിന്റെ മാരകഘോഷ്ടികൾ! എന്റെ ആത്മാവ് അഭൌമമായ ഒരാനന്ദത്തിൽ ആമഗ്നമായിമിക്കുന്നു. ഹാ! കാപട്യം നിറഞ്ഞ ഈ ലോകത്തിൽ പരമപവിത്രമായ ആ സന്തോഷം ശിഥിലമാകാതിരിപ്പാൻ ഞാൻ ഇപ്പോൾ തന്നെ മരിച്ചിരുന്നെങ്കിൽ! ആത്മാർത്ഥതയുടെ മൃദുലകോമളമായി ഇതളുകൾ ചുഴന്ന എന്റെ ഹൃദയകുസുമത്തെ പരിഹാസത്തിന്റേയും നൈരാശ്യത്തിന്റേയും കൂർത്തുമൂത്ത മുള്ളുകൾകൊണ്ട് കുത്തിക്കീറുകയാണ്. ജീവിതത്തിന്റെ വികാസം............................? ഇല്ല. മരണം എന്നെ കൈകാട്ടിവിളിക്കുന്നു! യഥാർത്ഥപ്രേമത്തിന്റെ നിരർഘസൌരഭമാസ്വദിക്കാൻ ഞാൻ നിന്നെ കാത്തിരിക്കാം. എന്റെ പ്രതീക്ഷകൾക്ക് മകുടം ചാർത്തുന്ന നിസ്തുലസ്നേഹത്തിന്റെ വിജയസാദ്ധ്യതയുണ്ടെങ്കിൽ! നിത്യനൂതനമായ നിരുപമാനന്ദത്തിന് അങ്ങിനെയൊന്ന് ഉണ്ടെങ്കിൽ നിന്നെ ഞാൻ കണ്ടെത്തും. മനംനുകർന്ന ആ പരിശുദ്ധപ്രേമത്തിന്റെ കളങ്കമററ സാക്ഷാൽക്കാരം അന്നെനിക്ക് ദൃശ്യമാകും........അങ്ങിനെ ഒന്നുണ്ടെങ്കിൽ!

നലമൊടു ലീലയിൽ സദ്ദിന മൊന്നിൽ
പലതര വാഗ്ദല വാദ്യത്തിൽ
പരിമള വിരിമലർ മാല്യം ചാർത്തി
പരിണയമന്നു നടക്കുമ്പോൾ
ലളിത വിലോല വിലോചന കോണിൽ
സലില കണങ്ങൾ കനിഞ്ഞില്ലേ?
അറിവിയലാത്തൊരു പുരുമോദത്തിൽ
അളുലെ, പുളകമണിഞ്ഞില്ലേ?
അതു വിധമാകാം വിധിയനുരാഗ
പുതുമണമേകീ, മഞ്ജരിയിൽ
മമ മനതാരിൽ വളർന്നു മുതിർന്ന
മമതയുതിർക്കും പുഞ്ചിരിയിൽ!

II

പുലരികളേറെ പുലർന്നിഹപോയി
പലകല നിന്നിൽ കാലംതീർത്തു
കുളിരൊളി കേതക ചഞ്ചളയന്നു
അളിയൊളി വാർകുന്തൽ വളർന്നു
അനുഗമ ചലനം പദവിന്യാസെ
അനുപമ കാമ്യ നിതംബങ്ങൾ
കവിളിലുഷസ്സിൻ സുഷമപരന്നു
കവിതതുളുമ്പി നിജംഗങ്ങൾ
നിരവധി കാമുകരഭ്യർത്ഥനയായ്
നിരതമണഞ്ഞു നിന്നരികിൽ
നിരസിത സമ്മത സൂചന സൂക്തി
വിരസതയറവര ചെയ്തു,നീ,
സദയ മണിഞ്ഞെന്നരികിൽ സരളേ,
സവിനയസാര സുഹാസത്താൽ

സുമതിയിലാത്തുര പ്രണയം പൂത്തു
സുമമണമേവം പൊഴിയുമ്പോൾ
അഴകെഴുമാരസ രംഗമകന്നു.
അഴലിഴകീടും നിഴൽവീണു
അനുചിതമത്രെ വിജാതിയിലെന്നാൽ
അനുഗുണമായോരനുരാഗം!!
മധുര മനോഹര രാഗമൊഴിഞ്ഞു
മധുരിത സിഞ്ജിതവുംമാഞ്ഞു.
നിജജനകാജ്ഞയെ ചുടുകണ്ണീരാൽ
നിറപറ വെച്ചു നമിച്ചു നീ!

III

പരകരലാളന വേളയിലിന്നു
പരമരസംനീനുകരുമ്പോൾ
പതിതരെ, പാതക നിതികൾതീറവം
അതിദയനീയസ്ഥിതി നീക്കാൻ,
നരകുലമെത്തും ഒരുനൽനീതിയിൽ
നയന മനോജ്ഞമിയന്നീടാൻ
മഹിത മനോഹര പ്രേമവിഹാരം
മഹിയിലനാകുലമായീടാൻ
അനവരതം ഞാനടിമകളേപ്പോൽ
അവനിയിലേവം പണിചെയ്വൂ.
പ്രിയകരമായ പ്രചോദനമൊന്നു
പ്രതിദിനമെന്നിൽ പ്രസരിപ്പൂ
പ്രബലമൊടെന്നൊടു ചേർന്നടരാടാൻ
അബലമനസ്ഥിതിയാണെങ്കിൽ
മമനവഭാവന ഭാസുരമാകാൻ
മനമതിലെന്നും നേരുന്നി!
പുരുനലനൂതന നീതി പുലർത്താൻ
പൊരുതുമകരതാർ കൂപ്പുന്നേൻ!!

മനുഷ്യൻ

മാധവപ്പണിക്കർ തെക്കേടത്ത്.

സാധാരണയായി ഓരോ പ്രബന്ധങ്ങൾ രചിക്കാറുള്ളതു മനുഷ്യരുടെ ബാഹ്യാഭ്യാന്തരവീക്ഷണകോണുകളിൽ സ്ഥിതിചെയ്യുന്ന വസ്തുക്കളെ സംബന്ധിച്ചാകുന്നു. എന്നാൽ മനുഷ്യൻ എന്ന വിഷയത്തെ—വസ്തുവിനെ അഭിമുഖീകരിച്ചു അല്പം ചിന്തിക്കാമെന്നുള്ള എന്റെ ആഗ്രഹം ഒരുപക്ഷെ വായനക്കാർക്കു നേരംപോക്കായേക്കാമെന്നും അതല്ലെങ്കിൽ നാം നമ്മളെ സംബന്ധിച്ചു ചിന്തിക്കുകയാണ് നല്ലതെന്നും, ലോകത്തിന്റെ പുരോഗമനവിഷയത്തിൽ അത്യന്താപേക്ഷിതമായി നിലകൊള്ളുന്നത് ആത്മശോധനയാണെന്നും വിശ്വസിച്ചുകൊണ്ടു വിഷയത്തിലേക്കു പ്രവേശിക്കട്ടെ.

'മനുഷ്യൻ' എന്ന പദത്തിന്റെ അർത്ഥം എന്തെന്നു ആദ്യമായി നാം ചിന്തിക്കുക. മനൌ—ഈഷ്യതെ—ഇതി മനുഷ്യഃ' മനൌ: അവബോധനെ അതുകൊണ്ടു മനുഷ്യൻ എന്ന പദത്തിനു 'ബോധമുള്ളവൻ, എന്ന അർത്ഥം സിദ്ധിക്കുന്നു. മററുള്ള ജീവജാലങ്ങളെ അപേക്ഷിച്ചു മനുഷ്യനു വിശേഷബുദ്ധിയുണ്ടെന്നുള്ളത് സർവ്വസമ്മതമാണല്ലോ.

ബോധത്തിനു രണ്ടു പാധികളുണ്ട്. സൽബോധം. ദുർബോധം. ഇങ്ങിനെ രണ്ടിനേയും വകതിരിച്ചറിയുവാനുള്ള കഴിവാണു വിശേഷബുദ്ധിക്കാവശ്യം. ഈ കഴിവു സിദ്ധിക്കണമെങ്കിൽ വിദ്യാഭ്യാസം ശരിയാകുംവണ്ണം അനുഷ്ഠിക്കണമെന്നും ആചാരനുഷ്ഠാനങ്ങൾ സൻമാർഗ്ഗത്തിൽക്കൂടി നയിക്കേണമെന്നും ഓരോരുത്തരും അറിഞ്ഞിരിക്കേണ്ടതും പ്രായോഗികമാക്കേണ്ടതുമാകുന്നു. ബോധത്തെ നല്ലവഴിയിൽക്കൂടി വിനിമയംചെയ്തു ജീവിതം അനുഷ്ഠിക്കുന്നവനെ 'സത്ത്' എന്നും ദുർമാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിപ്പിച്ചു മററുള്ളവർക്കു ഉപദ്രവമുണ്ടാക്കിത്തീർക്കുന്നവനെ 'അസത്ത്' എന്നും വിളിച്ചുവരുന്നു. സന്മാർഗ്ഗനിഷ്ഠയോടുകൂടി ജീവിതത്തെ കൊണ്ടുപോകുന്നതിനു സഹായമായി നിലകൊള്ളുന്നതു ഈശ്വരവിശ്വാസമാകുന്നു. ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുന്നവൻ ദുഷ്ക്കർമ്മങ്ങളിൽനിന്നു അകലുകയും അഥവാ വല്ല തെററുകളും ചെയ്തുപോയാൽ പിന്നീടു പാശ്ചാത്തപിക്കുകയും ആവർത്തിച്ചു തെററുകൾ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നു.

ദുഷ്ടതകളും ശിഷ്ടതകളും അഥവാ—നല്ലതും ചീത്തയും ഓരോ വ്യക്തികളിലും സ്ഥിതിചെയ്യുന്ന വസ്തുക്കളാകുന്നു. ദുഷ്ടതകളുടെ പരമകാഷ്ഠയിലെത്തുമ്പോൾ മനുഷ്യനെ 'മൃഗമെന്നും, ശിഷ്ടതകളുടെ മൂർദ്ധന്യദശയെ പ്രാപിക്കുമ്പോൾ 'മഹാത്മാ' എന്നും സംബോധനചെയ്യുന്നു. 'ഒന്നുനശിച്ചേ മറെറാന്നുവളരൂ' എന്ന തത്വം .ഈ വിഷയത്തിൽ നാം ഓർമ്മിക്കുക. സൽഗ്ഗുണം നശിച്ചാൽ ദുർഗ്ഗുണം വളരും. ദുർഗ്ഗുണം നശിച്ചാൽ സൽഗ്ഗുണവും വളരും.

അഷ്ടരാഗങ്ങളാൽ വലയംചെയ്തിരിക്കുന്ന മനുഷ്യജീവിതത്തെ അതിന്റെ പിടിപാടിൽനിന്നു ഏറെക്കുറെ അകന്നുനില്ക്കുവാനായി മനസ്സിനെ പ്രേരിപ്പിക്കേണ്ടതു നമ്മുടെ കടമയാകുന്നു. അഷ്ടരാഗങ്ങൾക്കധീനമാണ് ഇന്ദ്രിയങ്ങൾ. ജ്ഞാനോന്മുഖനാണ് മനസ്സ്. പഞ്ചകോശനിഷ്ഠയാണ് ആത്മാവ്. ഇതിന്റെ മദ്ധ്യവർത്തിയാണ് ശരീരം.

എന്റെ എന്നുള്ള ബന്ധമാണ് മനുഷ്യജീവിതത്തിൽ നാം കാണുന്ന അനീതികൾക്കും വിപ്ലവങ്ങൾക്കും ഇടയാക്കിത്തീർക്കുന്നത്. ആ ബന്ധത്തിൽനിന്നു അകന്നുനില്ക്കുവാൻ പെട്ടെന്നു സാദ്ധ്യവുമല്ല. അതിനുള്ള മാർഗ്ഗങ്ങൾ നമ്മുടെ പൂർവ്വാചാര്യന്മാർ—അതെ

മഹർഷിപുംഗവന്മാർ രേഖപ്പെടുത്തിവച്ചിട്ടുണ്ട്. നാം അതിനെ അദ്ധ്യയനംചെയ്യുന്ന നില ത്യാജകോടിയിൽ വിട്ടതു ആംഗ്ലേയരുടെ ഭരണത്തോടുകൂടിയാണെന്നു ഞാൻ പറയുന്നതിൽ ക്ഷോഭിക്കുകയില്ലെന്നു വിശ്വസിക്കുന്നു. അവരുടെ ഭരണത്തിൽകീഴിൻ വരുത്തിവച്ച വിദ്യാഭ്യാസ പദ്ധതിയാണ് നമ്മളെ ആത്മീയത്തിൽനിന്നു വഴിതെറ്റിച്ചത്. അന്നു അവർക്കാവശ്യമുണ്ടായിരുന്നത് ഗുമസ്ഥന്മാരെയാണ്. ഭാരതീയരെ ഗുമസ്ഥന്മാരാക്കി മാററുന്നതിന്നുള്ള ഈ പദ്ധതി വിദ്യാഭ്യാസത്തിൽ വരുത്തിവച്ചകൂട്ടർ നാടുകടന്നുകഴിഞ്ഞു. ഇനിയെങ്കിലും ആത്മീയമാർഗ്ഗം ഉൾക്കൊള്ളുന്ന ഒരു വിദ്യാഭ്യാസപദ്ധതി നമ്മുടെ ഗവൺമെണ്ടു വിദ്യാഭ്യാസവിഷയത്തിൽ തയാറാക്കുമെന്നും ഭാവിതലമുറകളെയെങ്കിലും ബോധമുള്ളവരാക്കിത്തീർക്കേണ്ടതിന്നു ഗുരുതരമായി ചിന്തിക്കുമെന്നും വിശ്വസിച്ചുകൊണ്ടു ഞാൻ നിങ്ങളുടെ ശ്രദ്ധയെ ഭഗവൽ ഗീതയിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

ഗീതയിൽ ഉപദേശിക്കുന്നതു ഭാരതയുദ്ധത്തിന്നായി ശ്രീകൃഷ്ണഭഗവാൻ അർജ്ജുനന്നു യുദ്ധപ്രചോദനം നൽകുകയാണല്ലോ. എന്നാൽ ആയതു നമ്മുടെ ജീവിതവുമായി ഘടിപ്പിച്ചു അല്പം ചിന്തിക്കുക.

പുരുഷാർത്ഥസാധകമായ ധർമ്മത്തിന്നും കർമ്മത്തിന്നും അധിഷ്ഠാനമാണ് ശരീരം. അതിന്റെ ഭരണവിഷയാത്മകമായ നേതൃത്വം പഞ്ചകോശനിഷ്ഠമായ ആത്മാവിന്നു നൽകാതെ കാമാദികളായ ദുർഗ്ഗുണങ്ങൾ ബലംപ്രയോഗിച്ചു കീഴടക്കി. പരസ്പരസംബന്ധികളാണെങ്കിലും ശത്രുക്കളെപ്പോലെ കീഴടക്കിയകാമാദികളിൽനിന്നു സ്വന്തം അവകാശം വീണ്ടെടുക്കുവാൻ പഞ്ചകോശങ്ങൾ തീരുമാനിച്ചതിന്റെ ഫലമായി ശരീരമാകുന്ന കുരുക്ഷേത്രത്തിൽവച്ചു യുദ്ധംനടത്തുവാൻ ഇരുകക്ഷികളും തയാറെടുത്തു.

അജ്ഞാനം—അഥവാ—അവിവേകമാകുന്ന ധൃതരാഷ്ട്രന്റെ സന്താനവർഗ്ഗങ്ങളാകുന്നു കാമാദികൾ. അവരിൽ പ്രധാനി എതിരിടുവാൻ പ്രയാസമുള്ളവനാകുന്നു കാമം എന്ന ദുര്യോധനൻ ആ പക്ഷത്തിലെ സേനാനായകൻ വാശി. മാത്രമല്ലാ—അന്യായമാർഗ്ഗത്തിൽ സഞ്ചരിക്കാൻ പ്രചോദനം നൽകുന്ന ദുഷിച്ച അറിവു, ദ്രോണൻ. കാമാദികളെ സഹായിക്കുവാൻ അഹങ്കാരം, കർണ്ണൻ, കായശക്തി. ദ്രോണപുത്രൻ തുടങ്ങിയവയും ഇന്ദ്രിയാർത്ഥപ്രപഞ്ചവും സന്താനവർഗ്ഗങ്ങളാകുന്നു. ചക്ഷുരാദി പഞ്ചേന്ദ്രിയങ്ങൾക്കു വിഷയമായ ബാഹ്യലോകംതന്നെയാണ് ഇന്ദ്രിയാർത്ഥപ്രപഞ്ചം.

കാമാദികളുടെ ദുഷിച്ച പ്രേരണകൾക്കു വിധേയമായി ശരീരം പഞ്ചകോശങ്ങളുടെ എതിർപക്ഷത്തിൽ അകപ്പെട്ടുപോയി. ആ വൃത്താന്തം അറിഞ്ഞ പരമാത്മാവായ ശ്രീകൃഷ്ണൻ ഇന്ദ്രിയകുതിരകളെ പൂട്ടിയ ശരീരമാകുന്ന രഥത്തിൽ സാരഥ്യംവഹിച്ചുകൊണ്ടു ജ്ഞാനോന്മുഖമായ മനസ്സാകുന്ന അർജ്ജുനനോടുകൂടി കാമാദികളാകുന്ന ദുഷിച്ച ദുര്യോധനാദികളെ നാശിപ്പിക്കുവാൻ രംഗപ്രവേശംചെയ്തു. സൽഗുണങ്ങളാകുന്നവ പാണ്ഡവന്മാരുടെപിൻതുണയാകുന്നു പഞ്ചകോശാദികളുടെ കക്ഷിയിൽ. ധൈര്യമാകുന്ന ധൃഷ്ടദിമ്നനെയാകുന്നു നായകത്വം വഹിപ്പിച്ചത്

യുദ്ധത്തിന്റെ സമയമായപ്പോൾ മനസ്സാകുന്ന അർജ്ജുനന്നു ഭ്രാന്താത്മകമായ അനേകം ഭയാശങ്കകൾ ജനിക്കുന്നു. തൽസമയം സർവ്വനിയാമകനും സർവ്വാന്തര്യാമിയുമായ പരമാത്മാവ് സാധാരണനിലയിൽ ചില ഉപദേശപ്രേരണകൾ നൽകിയതുകൊണ്ടു തൃപ്തനാകാതെ 'സൽഗുണങ്ങൾ നശിച്ചുകിട്ടുന്ന ജീവിതസ്വാതന്ത്ര്യം എത്ര ശ്രേഷ്ഠമായിരുന്നാലും എനിക്കതുവേണ്ടാ' എന്നു തോന്നുമാറു പരമാത്മാവിടുന്നു ഉപദേശരത്നങ്ങൾ, മനസ്സിന്റെസർവ്വസംശയങ്ങളുംനിവൃത്തിക്കത്തക്കവണ്ണം—വസ്തുതത്വത്തിന്റെ പൂർണ്ണരൂപം അറിയിക്കത്തക്കവണ്ണം കർമ്മവും ഭക്തിയും ജ്ഞാനവും മുഖ്യവിഷയമായി നിർമ്മിച്ചിട്ടുള്ള ഉത്തമഗ്രന്ഥമാകുന്നു 'ഭഗവൽഗീത'—ഈ ഗ്രന്ഥത്തെ ശരിയായവിധത്തിൽ അഭ്യസിക്കുന്നപക്ഷം മനുഷ്യരിൽ വ്യാപിച്ചിരിക്കുന്ന മൃഗീയതയെനീക്കി 'സത്തു'ക്കളാകുന്നതിന്നും, തദ്വാരാ മഹാത്മാക്കളായി പരിലസിക്കുന്നതിന്നും സാദ്ധ്യമാവുന്നതാകുന്നു. ഗീത ഭാരതത്തിലെന്നു മാത്രമല്ലാ ലോകത്തിന്റെ നാനാഭാഗങ്ങളിലും നാനാഭാഷകളിൽ വിവർത്തനം ചെയ്തുകഴിഞ്ഞു. അതിനെ ആരാധിക്കുന്നവരും പൂജിക്കുന്നവരും തുലോം തുച്ഛമല്ലാ. മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നതിന്നുപകരിക്കുന്ന

ഉത്തമഗ്രന്ഥമായതിനാൽ ഓരോ ഭാരതീയരും അവശ്യം അറിഞ്ഞിരിക്കേണ്ടതും തന്നത്താൻ ആത്മശോധനചെയ്യു ശുദ്ധിയാകേണ്ടതും അത്യാവശ്യമാകുന്നു.

ഗീത എവിടെനിന്നുത്ഭവിച്ചു എന്നു പരിശോധിക്കുക. വേദഗ്രന്ഥത്തിലെ ഉപദേശവാക്യമാണ് ഗീതാ. വേദങ്ങളിൽ നാലു മഹാവാക്യങ്ങളാണ് പ്രാധാന്യമർഹിക്കുന്നതു്. അവയുകളെ 'ഉപദേശവാക്യം' 'മനനവാക്യം' 'അനുഭവവാക്യം' എന്നിങ്ങിനെ മൂന്നു വിധത്തിൽ തരംതിരിക്കുന്നു. ഒരു മനുഷ്യൻ ആദ്യമായി ഉപദേശം സ്വീകരിക്കുക. പിന്നീട്ട മനനംചെയ്യുക. ശ്രവണവും മനനവും ശരിയായ വഴിയിൽകൂടി സഞ്ചരിക്കുമ്പോൾ അനുഭവമുണ്ടാകും. എന്ന തത്വമാണ് വേദവുംഘോഷിക്കുന്നതു്.

'തത്വമസി' ഉപദേശവാക്യം. 'പ്രജ്ഞാനബ്രഹ്മഃ' 'അയമാത്മാബ്രഹ്മഃ' ഇവരണ്ടും മനനവാക്യം. 'അഹം ബ്രഹ്മാസ്മി' എന്നു അനുഭവവാക്യം. ആദ്യമായി തത്വമസി എന്ന മഹാവാക്യത്തിന്റെ അത്ഥം മുഴുവൻ ശ്രവണംചെയ്യണം. അതിന്നുശേഷം മനനവാക്യങ്ങളുടെ അത്ഥം മുഴുവൻ മനനംചെയ്യണം. ഈ ശ്രവണവും മനനവും ശരിപ്പെടുമ്പോൾ 'അഹം ബ്രഹ്മാസ്മി' എന്ന വാക്യത്തിന്റെ അർത്ഥം അനുഭവമാകും. അഥവാ—ഞാൻ ബ്രഹ്മമാകുന്നു എന്ന വസ്തുതത്വം സാക്ഷാൽക്കരിക്കപ്പെട്ടും, അതോടെ പ്രപഞ്ചരഹസ്യങ്ങളും വെളിവാകും. എന്നു് അദ്ധ്യാത്മീയ തത്വം.

'തത്വമസി' എന്ന ഉപദേശവാക്യത്തിന്റെ വിവരണമാണ് ഗീതാഗ്രന്ഥം ഘോഷിക്കുന്നതു്. കമ്മമാർഗ്ഗത്തിൽ 'ത്വം' പദനിരൂപണവും ഭക്തിമാർഗ്ഗത്തിൽ 'തൽ'പദ നിരൂപണവും ജ്ഞാനമാർഗ്ഗത്തിൽ 'അസി' പദനിരൂപണവും സിദ്ധിക്കുന്നു. വേദങ്ങളെ നിർബന്ധപുരസ്സരം പഠിക്കേണ്ടതു മനുഷ്യന്റെ ചുമതലയായതുകൊണ്ടാണ് മനുഷ്യൻ എന്ന വിഷയത്തിൽ ഇത്രയും ഉൾക്കൊള്ളിക്കുവാൻ കാരണം. ഭരണകൂടത്തിൽപോലും സംഭവിക്കാറുള്ള അഴിമതികൾക്കു കാരണവും വേദപഠനത്തിന്റെ അഭാവംകൊണ്ടു മാത്രമാകുന്നു

സത്യത്തെ സാക്ഷാൽകരിക്കണം, പോരാ—ഈശ്വരനായി ചേരണം. ജഗൽസ്വരൂപനാണ് ഈശ്വരൻ. സകല ചരാചരങ്ങളും ഈശ്വരമയം തന്നെ. ആ ഭാവനയോടുകൂടി ഈശ്വരനെ ആരാധിച്ചു ലോകവും ഈശ്വരനും ഭിന്നമല്ലെന്നു ധരിച്ചു ലോകാർത്ഥമായി ചെയ്യുന്ന കമ്മംതന്നെയാണ് യഥാർത്ഥമായ ഈശ്വരാരാധനം. അതിൽ ഭക്തിനിറഞ്ഞിരിക്കണം. ഇങ്ങിനെ ഭക്തിയും കമ്മവും വേണ്ടവണ്ണം യോജിക്കുമ്പോൾ ജ്ഞാനത്തിന്റെ ഉദിതമുണ്ടാകുന്നു. ഇങ്ങിനെയുള്ള ജ്ഞാനത്തിന്റെ ആനുകൂല്യം സിദ്ധിച്ചവനാണ് യഥാർത്ഥ 'മനുഷ്യൻ'—

ഭിക്ഷക്കാരി

ജോസ് മുററിച്ചക്കാരൻ.

ആഴി അലറി, അന്തരീക്ഷം അത്യന്തം ക്ഷോഭിച്ചിരുന്നു. കാററ് ഭയങ്കരമായി വീശിയിരുന്നു. ഭയങ്കരമായ അന്ധകാരം ഭൂമുഖത്തെ ആച്ഛാദനം ചെയ്തു. കൊടുങ്കാററിൽപ്പെട്ട തളിരിലപോലെ വൃക്ഷങ്ങൾ കാററിൽ ആടിയുലയുവാൻ തുടങ്ങി. സമയം അർദ്ധരാത്രിയോടടുത്തായിട്ടുണ്ട്. എല്ലാവരും ഉറങ്ങിക്കാണും. ഏതോ ഒരു ഹൃദയാന്തർഭാഗത്തുനിന്നുത്ഭവിക്കുന്ന ദീർഘ നിശ്വാസങ്ങൾ മാത്രം ആ പാതിരാത്രിയിൽ അന്തരീക്ഷത്തിലെങ്ങുമുയരുന്നുണ്ടായിരുന്നു.

* * * *

പ്രഭാതംമുതൽ പ്രദോഷംവരെ തെരുവീഥികൾതോറും തെണ്ടി, ഓരോ വീടുകളിലും കയറിയിറങ്ങി യാചിച്ച് കിട്ടിയത് ഭക്ഷിച്ചാണ് ആ യാചകിയുടെ ജീവിതചക്രം പുരോഗമനാത്മകമായ ലോകത്തിലെങ്ങു കുതിച്ചുകൊണ്ടിരുന്നത്.

“കദീജ” അതാണ് ആ യാചകിയുടെ പേര്. യാചകിയായിട്ടുതന്നെയാണവൾ ഭൂമിയിൽ ജനിച്ചതും, യാചകിയായിട്ടുതന്നെയാണ് ജീവിക്കുന്നതും. ഇപ്പോഴവളൊരു മാതാവാണ്; ഒരോമനക്കുഞ്ഞിന്റെ മാതാവ്, സന്താപചിത്തയായ ഒരു മാതാവ്, സൗശീല്യവതിയായ ഒരു മാതാവ്. ഇപ്പോഴും യൗവ്വനം അവളിൽ മൊട്ടിട്ടു നില്ക്കുകയാണ്. മെലിഞ്ഞു വിളർത്ത ശരീരത്തിൽ അവളുടെ ഓമന മകനെ മാറോടണച്ചമർത്തിപിടിച്ചുകൊണ്ടു തെരുവീഥിക്കടുത്തുള്ള ഓരോ പടിവാതില്ക്കലും അവൾ ചെന്നുമുട്ടും. മിക്കപ്പോഴും ശകാരവും, ആട്ടിപായിക്കലുമായിരിക്കും അവൾക്ക് ലഭിക്കുക. ചിലപ്പോൾ വല്ലതും കിട്ടിയെന്നുവരാം. പല യുവാക്കന്മാരും ചൂളംവിളിച്ചെത്തുകയും, അവളെ ഒളിഞ്ഞു നോക്കുകയും ചെയ്യാറുണ്ട്. പക്ഷെ അവളതൊന്നും വകവെച്ചില്ല. കാലമാകുന്ന കുസുമത്തിൽനിന്ന് വിതളുകൾ കരിഞ്ഞു കൊഴിഞ്ഞുകൊണ്ടിരുന്നു.

ഒരുദിവസം സുപ്രഭാതത്തിൽ കദീജ അവളുടെ ഓമനമകനെയും എടുത്തുകൊണ്ട് ഒരു വീടിന്റെ പടിവാതില്ക്കൽ യാചനയുടെ കൈക്കുമ്പിളുമായി എത്തി—അതിന് ശേഷം പടിതുറന്നു “ധർമ്മം തരണേ” എന്ന പല്ലവി ആവർത്തിച്ചാവർത്തിച്ചു ആ മണിസൗധത്തിന്റെ മണിമുററത്തേയ്ക്കവൾ മന്ദമന്ദം നടന്നു നീങ്ങി. ഒരു ഭൃത്യൻവന്ന് അവളെ കുറെ ശകാരിച്ചു. പടിയ്ക്കുപുറത്തുപോകുവാൻ ആജ്ഞാപിച്ചു. പക്ഷെ അവൾ അവിടെ നിന്നു. അല്ല, കരാളമായ വിശപ്പ് അവളെ പിടിച്ചുനിർത്തി. അവസാനം അവൾ പോകുന്നില്ലെന്നു കണ്ടപ്പോൾ അവൻ അവന്റെ അവസാനത്തെ ആയുധം പ്രയോഗിച്ചു—അവിടെ വളർത്തിയിരുന്ന ഭയങ്കരനും, ക്രൂരനുമായ ഒരു ശ്വാവിനെ അഴിച്ചുവിട്ടു. ഗംഭീരനായ ശ്വാവിന്റെ വരവ് കണ്ടപ്പോൾ യാചകി ഭയന്നോടി. ശ്വാവ് ഓടിച്ചെന്ന് അവളുടെ വലത്തുക്കാലിൽ ഒന്നുകപ്പി. അവൾ ഭയസംഭ്രമത്താൽ ഉച്ചത്തിൽ നിലവിളിയ്ക്കുവാൻ തുടങ്ങി. യജമാനന്റെ ഇംഗിതത്തിനു വാലാട്ടുന്ന ശ്വാവിനെപ്പോലെ ഭൃത്യൻ ഇത് കണ്ട് കൈകൊട്ടി പൊട്ടിചിരിച്ചു. കദീജയെ പടിയ്ക്കുപുറത്താക്കി പടി അടച്ചു. മുറിവായിൽനിന്ന് രക്തം ധാരധാരയായി ഒഴുകികൊണ്ടിരുന്നു. അവൾ ഏങ്ങിയേങ്ങി കരയുന്നുണ്ടായിരുന്നു. അവളുടെ ദുഃഖത്തിൽ സഹതാപം പ്രകടിപ്പിയ്ക്കാൻ ആരും മുതിർന്നില്ല.

റോട്ടിൽക്കൂടെ നടന്നുപോകുന്നവരോടൊക്കെ അവൾ ഭിക്ഷയാചിയ്ക്കുവാൻ തുടങ്ങി. എന്നാൽ ആരു

തും അവൾക്ക് യാതൊന്നും കൊടുത്തില്ല. വഴിയാത്രക്കാർ അവളെ കണ്ടില്ലെന്ന ഭാവത്തിൽ നടന്നകന്നു. ഇങ്ങിനെ നടന്നു നടന്നു വേറൊരു അംബരചുംബിയായ മണിമാളികയുടെ വെണ്മയേറുന്ന മണൽത്തിട്ടയിലേയ്ക്കവൾ അടിവെച്ചടിവെച്ചു കയറുകയാണ്. അവിടേയും യാചനയുടെ പല്ലവി ആവർത്തിച്ചു. അവിടത്തെ ഗൃഹനായിക ഗൃഹാന്തർഭാഗത്തുനിന്ന് ജനലിൽക്കൂടി ഒന്നുനോക്കി.

“അമ്മാ! വല്ലതും തരണേ” അവൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. കോപകലുഷയായ ഗൃഹനായിക ഗൃഹകവാടത്തിൽക്കൂടെ പുറത്തുവന്നാക്രോശിച്ചു

“ഇത് നല്ല സൂത്രമെടീ!! മേലനങ്ങി പണിയെടുക്കാതെ തിന്നുജീവിക്കാൻ പറ്റിയ സൂത്രം. പിഴച്ചുപെറ്റ കുഞ്ഞിനേയും കൈപിടിച്ചു സൂത്രം പറഞ്ഞുനടക്കാ. നിന്നെപ്പോലുള്ളവർക്ക് ധർമ്മംതരാൻ ഇവിടെ മുതലില്ല. നീ വേഗം പൊയ്ക്കോ”

കദീജ അവിടെനിന്നു മടങ്ങി റോട്ടിൽക്കൂടെ മന്ദമന്ദം നടന്നു നീങ്ങുകയാണ്. ഇതെല്ലാം അവളുടെ നിത്യപതിവാണ്. ഇതിലൊന്നും അവൾക്ക് ഖേദമില്ല. ആരെന്തുപറഞ്ഞാലും അതിനുത്തരം അവൾ പറയാറില്ല. അവൾ അവളുടെ സ്നേഹസമ്പന്നനായ ഭർത്താവിനെ കുറിച്ച് നിത്യവും ഓർക്കാറുണ്ട്, ഓർത്തോർത്തു കരയാറുണ്ട്. അവളുടെ നീറുന്ന ജീവിതത്തിന്ന് ആശ്വാസമേകിയിരുന്ന ഏക വ്യക്തി അയാൾ മാത്രമായിരുന്നു.

കദീജ ഒരു ചാരപ്പെട്ടവളാണെങ്കിലും അവൾക്കുമുണ്ട് ആത്മാഭിമാനം. പലരും അവളുടെ ആത്മാഭിമാനത്തിന്മേൽ ക്ഷതമേല്പിച്ചിരുന്നു. അവൾക്ക് അവരോടു പലതും പറയാനുണ്ടായിരുന്നു. പക്ഷെ അവൾക്കതുപറയുവാൻ സാധിക്കുന്നില്ല. അവളുടെ സ്നേഹനിധിയായ ഭർത്താവിനെ ഓർക്കുമ്പോൾ കണ്ണുകൾ നിറയും, ധാരമുറിയാതെ കണ്ണീരൊഴുകും, ഹൃദയം പൊട്ടിക്കരയും.

മൂന്നുകൊല്ലംമുമ്പാണ് ആ ദുരന്തസംഭവം ഉണ്ടായത്. അവളുടെ സ്നേഹനിധിയായ ഭർത്താവു ഇഹലോകത്തോടു യാത്രപറഞ്ഞു പിരിഞ്ഞത്. ആ സമയത്തു കദീജ ഒരു ഗർഭിണിയായിരുന്നു. വളരെക്കാലം ഒരു കുഞ്ഞിന്റെ പിതാവാകാൻ ആഗ്രഹിച്ചിരുന്ന പിതാവ് കുഞ്ഞിന്റെ ഓമനമുഖമൊന്നു കാണുവാനുള്ള ഭാഗ്യം ആ നിർഭാഗ്യവാനായ പിതാവിനുണ്ടായില്ല. അന്നുമുതൽ കദീജ ഏകാകിനിയായി. പകൽ മുഴുവനും തെരുവീഥികളിൽ കഴിച്ചുകൂട്ടി സന്ധ്യമയങ്ങിയാൽ അവൾ അവളുടെ കുടിലിലേയ്ക്കു മടങ്ങിയെത്തും.

അവളുടെ ഭർത്താവ് ഒരു പക്ഷവാതരോഗിയായിരുന്നു. എട്ടുകൊല്ലംമാത്രമേ അവരുടെദാമ്പത്യജീവിതം നീണ്ടുനിന്നുള്ളു. കദീജ കൊണ്ടുവരുന്ന ആഹാരം ഇരുവരും ആഹരിച്ചു സംതൃപ്തരാകും. അങ്ങിനെ ശാന്തിയുടേയും സമാധാനത്തിന്റേയും കൊച്ചലകൾ ഓളംതല്ലിയിരുന്നു അവരുടെ ഹൃദയങ്ങളിൽ. കദീജ അവളുടെ കുടിലിൽനിന്നു പ്രഭാതത്തിലെഴുന്നേറ്റുപോയാൽ പിന്നെ സന്ധ്യമയങ്ങുമ്പോഴേ തിരിച്ചുവരികയുള്ളു. അതുവരെ അവളുടെ ഭർത്താവ് ആ കൊച്ചുകുടിലിൽ ഏകനായിരിക്കും. ശ്മശാനതുല്യമായ നിശ്ശബ്ദതയിൽ ലയിച്ചിരുന്ന പ്രശാന്തമധുരമായ ആ പ്രദേശത്തിൽ പക്ഷികളുടെ ചിലയ്ക്കുന്ന ശബ്ദംമാത്രം മാറ്റൊലികൊണ്ടിരുന്നു. അങ്ങിനെ ആ കൊച്ചുകുടിലിൽ കദീജയുടെ ഭർത്താവ് ഏകാന്തതയിൽ ഏകനായി ഒരു കീറപ്പായയിൽ ചുരുണ്ടുകിടക്കും. അവിടെ കിടന്നവൻ പലതും ചിന്തിക്കും. ചിന്തിച്ചുചിന്തിച്ചറിയാതെതന്നെ കരഞ്ഞുപോകും. കരഞ്ഞു കരഞ്ഞു കണ്ണുനീരുകൊണ്ടു തലയിണ മുഴുവൻ കുതിർത്തിയിരുന്നു. കദീജയുടെ വരവിനേയും പ്രതീക്ഷിച്ചുകൊണ്ടവൻ കവാടത്തിലൂടെ അനന്തതയിലേക്കു നോക്കിക്കിടക്കും. അവളുടെ വരവുകണ്ടാൽ കണ്ണീരെല്ലാം തുടച്ചു ഒന്നു ദീർഘശ്വാസം വിടും. അവളെ കണ്ടയുടനെ ഒരു കൃത്രിമപുഞ്ചിരിതൂകുവാൻ അവൻ പണിപ്പെടും. എന്നാൽ പലപ്പോഴും പരാജയത്തിലാണ് കലാശിക്കാറ്.

ഒരുദിവസം അർദ്ധരാത്രിയിൽ ആ കൊച്ചുകുടിലിൽനിന്നു ഒരു ദയനീയ വിലാപം അന്തരീക്ഷത്തിലേയ്ക്കുയർന്നു. അന്ധകാരാവൃതമായ ആ രാത്രിയിൽ കദീജയുടെ സ്നേഹസമ്പന്നനായ ഭർത്താവിനെ വിധി അവളിൽനിന്നു വേർപെടുത്തി. അവൾ നിരാധാരയായി; ഏകാകിനിയായി. അവളെ ആശ്വസിപ്പിക്കാൻ ആരും ഉണ്ടായില്ല. അവളുടെ കരച്ചിൽ കാരണമെന്തെന്നു അന്വേഷിക്കുവാൻ ആരും മുതിർന്നില്ല.

* * * * *

ആ കുടിലിൽ ഏകാകിനിയായി കഴിയുന്നതു് അവ

★ ശാന്തിദേശം ★

ഉഡനാടൻ

1 ഗുരുതരദുരിത മൈമാലയേന്തി ജപിക്കും
പുരുതരജരവായ്ക്കും മൃത്യുതൃപ്തിത്യജിയ്ക്കും
തുരുതുരെകരമാക്കും നീട്ടിയാചിച്ചിടുന്നാ
നരനിരയെതിരേല്ക്കും ദേശമോർത്താൽവിചിത്രം

2 പലമലിനവിഹീനപ്പായലാൽ മൂടിനില്ക്കും
ജലധിപലയിടത്തും സജ്ജമാക്കുന്നകണ്ടാൽ
നലമൊടുചതിപാകാൻ കണ്ഠമാക്കുന്നറോഡിൽ
നിലചലമൊലിവേറും പുണ്ണിനോടത്തറയ്ക്കും

3 പലവിധജനമോരോ മാർഗ്ഗമായുംവരുന്നു
സ്ഥലസുഖമറിയാതെ, ലാത്തിടുന്നങ്ങുമിങ്ങും
വലയിലകമണയ്ക്കും പിട്ടുകാട്ടുംതരക്കാർ
മലിനവസതിയാക്കും ഹോട്ടലേറിത്തിരിയ്ക്കും

4 തരുണമതിവികാരം മാററവരക്കാൻതിരക്കും
തരുണി കുലടവർഗ്ഗം കാത്തിരിക്കുന്നുമുക്കിൽ
തിരിയുമൊരുതരക്കാർ മർത്ത്യഹീനപ്രഭുക്കൾ
നിരവധിവിഷബീജം പാകിടുന്നിപ്രദേശ

ൾക്കസഹിനീയമായിതോന്നി. പക്ഷെ എന്തുചെയ്യും അവളൊരു ഗർഭിണിയാണ്. അവൾ പലതും ആലോചിച്ചു; തീരുമാനിച്ചു. പ്രസവം കഴിയുന്നതുവരെ അവിടെതന്നെ ജീവിക്കാൻ.

ഇപ്പോൾ ആ കൊച്ചുകുടിലിൽനിന്നു ഒരു ചോരകുഞ്ഞിന്റെ നിലവിളി കേൾക്കാമായിരുന്നു. ദിവസങ്ങൾ പലതു കഴിഞ്ഞു. അവൾ തീരുമാനിച്ചതുപോലെ പ്രവൃത്തിച്ചു. അവളുടെ ആ ജീർണ്ണിച്ച കുടിലിനോടും, പരിസരങ്ങളോടും ഭർത്താവിന്റെ ശവകുടീരത്തിനോടും യാത്രപറഞ്ഞു, ഓമനകുഞ്ഞിനെ കൈപിടിച്ച് വിശാലമായ ലോകത്തിലേയ്ക്ക്, അവൾ ഇറങ്ങിപുറപ്പെട്ടു.

5 തെരുവുകളിനനേകം ഷാപ്പുകാണുന്നുനോക്കു
വരിനിരയതിലെല്ലാം തങ്ങിനില്ക്കുന്നുഭക്തർ
ഹര, ഹര, ഗണനാഥ സ്തോത്രമോരോന്നെടുക്കും
മുരരിപുഹരനെന്നീ ദേവരെക്കൂട്ടിലാക്കും

6 ഉടുപുടവിലപേശും തമ്പിമാരൊത്തുകൂടും
കടകളവനടുക്കായ് വാസനാദ്രാവകങ്ങൾ
തടവിനപൊടിപാക്കും മററു താംബൂലജാല-
ക്കടകളവയടുത്തായ് കണ്ടിടാം ചിത്രശാല

7 ഇരുനില മണിസത്രം മിന്നിടും വൈദ്യുതശ്രീ
മരുവുമിതതികേമം ‘മാധവീസൗധ’മോർത്താൽ
ശരണമവിടെയാക്കും ലഭ്യമത്രെപണത്തിൻ
വരിപണമുയരുന്നു ദീനരങ്ങോട്ടടുത്താൽ

8 ഹരിയുടെധനദീപ ശ്രീവിളങ്ങിത്തിളങ്ങും
മുരരിപുഭജനക്കാർക്കുള്ള സത്രങ്ങൾവേറെ
‘ഹരിവസതി’ വിശാലസ്സത്രവും പൊങ്ങിമിന്നും
പരമരസികവീരർ ‘ശേഖരൻ’തീർത്തതത്രെ

9 ഭാരിച്ചസംഖ്യ ചിലവാക്കിയ മാധവൻതാൻ
പേരാർന്നഭക്തനൊരു പുണ്യപുമാൻ മഹാത്മൻ
കാരുണ്യദേവി നിജജായപിതാസ്മരണത്തിനായി
ചാരുത്വമേറിയ മനോഹരഹർമ്മ്യമാക്കി

10 ഉടനടിതെളിക്കുട്ടും മാടുപോലെവിളിക്കും
കടുതരമതിമന്ദന്മാർ ബസ്സിലേറവരുന്നാർഗ്ഗം
കപടപലതോതി ത്തിക്കിനിറയങ്ങംകടത്തു-
ന്നിടയിലിളകിടായാടും വണ്ടികാണാമനേകം

11 സ്പഷ്ടതയൊടുവദിയ്ക്കുംഭാവി കൈരേഖവിദ്വാൻ
നടനകലവിദഗ്ദ്ധർ, ഗായകന്മാർ, ദ്വിജേന്ദ്രർ
പടുതരകപടന്മാർ കാവിവസ്ത്രം ധരിപ്പോർ
നടയിലലയുമെങ്ങും ദേശമേതാണിതല്ലോ

12 പനിമതിവിതറുന്നാശീതരശ്മിപ്രഭാവം
കനിയുമിവിടെയെപ്പോഴും വൈദ്യുതശ്രീ ചിരിക്കും
വനിതവിനയഭാവം മാറ്റിയട്ടേന്നരംഗം
സിനിമസരസഹർമ്മ്യം വാനിലേറിത്തിളങ്ങി.

13 മേഘങ്ങൾതൊട്ടുരസിനില്പൊരു മേടനോക്കൂ
നാകത്തിനൊക്കമതിലാരിഹവാസമിപ്പോൾ?
ശ്രീ"രാമജായ്" നിവസിപ്പൊരു 'ശ്രീനിവാസം'
നേരായപേരിതിലിരിപ്പതുഭാഗ്യലക്ഷ്മി.

14 നാരായണച്ചരണമാഞ്ഞടിയുന്നദീന–
നാരായഭക്തരൊഴുകും, തിരമാലപോലെ
ക്രൂരാരവങ്ങളലറിക്കുതികൊണ്ടുപായും
ഭാരിച്ചവാഹന നികേതനമെത്രരമ്യം.

15 വാനത്തിലുള്ളിരുളുനീക്കി വെളിച്ചമാക്കാൻ,
മാനംവളർത്തിയെരിയുന്നൊരു തൂണുപോലെ
വാനോർവരുംവഴിയിലുള്ളൊരുദീപ്തിയാകാം
മാനംതൊടും കനകദീപികമിന്നിനില്പൂ.

16 ഗോവല്ല ഗോപുരമതിൽക്കുടികൊള്ളുമോരോ
കാവൽഭടർ കുറിയപീതദുകൂലധാരീ
ഭാവത്തിലാണിവനു ഗോകുലവംശമെന്നോ
പാവംപലേ ദുരിതവാരിധിനീന്തിടുന്നോൻ.

17 നോവുന്നഹൃത്തിലുയരും ചിലഗാനമോതി–
പ്പാവങ്ങൾ ഭക്തരുമണഞ്ഞുകരഞ്ഞുനിത്യം
രാവിൽകിടക്കുമിവിടത്തിലനാഥരായി,
വേവുന്നപാപികളവന്നു സഖാക്കളായി.

18 നാനാവിധം ഹൃദയമങ്ങെരിയുന്നനേരം
സ്നാനത്തിനങ്ങിവിടെ തീർത്ഥമിറങ്ങിനോക്കാം
നൂനംമനം പിരളുമെന്തൊരുഗന്ധമയ്യോ
ഞാനൊന്നുഞെട്ടി ഹരിനാമജപംതുടങ്ങി.

19 കാപട്യകർമ്മചളിയൂറിയ പാടകെട്ടി
പാപങ്ങളൊക്കെയുമലിഞ്ഞുനിറഞ്ഞതോയേ
ആപന്നദീനരുടെ ദുഃഖമെരിഞ്ഞചൂടിൽ
ശാപങ്ങൾവെന്തുരുകി പച്ചപതഞ്ഞുകാണ്മൂ

20 പാപക്കിടാങ്ങളുടെ സങ്കടച്ചൂടിനാലേ,
വാപീതടം വരളുമായതിനെന്തുചെയ്യാം
പാപങ്ങൾവാർത്തു കഴുകാനൊരുയന്ത്രമെത്തും
ഗോപാലദേവ ദയമാരിചൊരിഞ്ഞിടുമ്പോൾ

21 വരുണനിവിടെയത്രേ ഘോരമാകും തപസ്സാൽ
പരമപുരുഷവേഷം സത്യമായ്ക്കണ്ടുപണ്ടേ
കരുണയരുളികൃഷ്ണൻ പ്രീതനായന്നുതൊട്ടി,
യരുമജലധിയിന്നും പുണ്യമാം തീർത്ഥമായി

22 കാളീയമാദവിഷഗന്ധമലിഞ്ഞതോയം
കാളിന്ദിവാരിയുറയുന്നൊരു പുണ്യതീർത്ഥം
നാളീകലോചനകളും ഹരിഗോപിതാനും,
മേളിച്ചുകാലികളുമായി രമിച്ചതീർത്ഥം.

23 പങ്കത്തിലാണ്ടു വളരുന്ന സരോജസൂനം
ശങ്കാവിഹീനമണിയുന്നു വിശിഷ്ടരോർക്കൂ
പങ്കത്തിലല്ല മണമൊക്കെമനസ്സിലല്ലേ
സങ്കോചമെന്തിനു കുളിച്ചുജപിച്ചുപോകാം.

24 കോട്ടയ്ക്കുപറ്റിയ മതില്ക്കകമേറിനോക്കാം
ഒട്ടേറെവിസ്തൃതമൊരങ്കമുണ്ടതിങ്കൽ
വട്ടത്തിലായ് വരിനിരന്നുവിരിച്ചകല്ലിൽ
കെട്ടിപ്പടുത്തു വിലസുന്നിഹപാതചുറ്റും

25 ആകാശവീഥി പരിശോധനചെയ്തുനോക്കാ–
നാകമ്രതങ്കമയകഞ്ചുകമിട്ടുപൊങ്ങി
ലോകാധിനാഥവിജയക്കൊടി വീശിവാഴ–
ന്നാകോമളധ്വജമരപ്രഭകണ്ണുചിന്നും.

26 മല്ലായുധക്കളിജയിച്ചു ലഭിച്ചമുദ്ര–
യുല്ലാസനാമകരണോത്സവഘോഷവാദ്യം
കല്യാണവേദിയിതിലെത്ര വിവാഹവുംഹാ!
സ്വർല്ലോകനാഥനാഥകണ്ടുരസിച്ചിടുന്നു

27 വാമനധിതം നടനനൃത്തകലാലയത്തിൽ
ആമോദമാർന്നു ചിലകൂത്തുകളാടിപിന്നെ
കോമാളിവായനനടത്തിപണംപിടുങ്ങി
നാമങ്ങൾചൊല്ലി ഭഗവാനെ ഭജിച്ചിടുന്നു

28 സപ്താഹയജ്ഞ മഹനീയവിശിഷ്ടകർമ്മം
പ്രാപ്തിക്കുടത്തുല ഭക്തികലർന്നുചെയ്യും
സപ്തസ്വരങ്ങളൊഴുകുന്നൊരുഗാനവർഷം
തൃപ്തിക്കുശാന്തിയരുളുംപടിതൃപ്തിയേകും

29 ചുറ്റമ്പലം കനകദീപികസുന്ദരിക്കെ
തെറ്റാതെ നീട്ടിവരിയായെരിയുന്നുചുറ്റും
മുറ്റങ്ങൾപൊന്നൊളികശോഭപരത്തിടുമ്പോ
ളൂറ്റംകുറഞ്ഞു ധ്വജപതിക്കതിലജ്ജയായി

(തുടരും)

മററു ഭക്തിപ്രധാനങ്ങളായ പ്രവചനങ്ങളേക്കാൾ ശ്രേഷ്ഠമാണെന്ന് അറിയുന്നവർ ഉൽഘോഷിയ്ക്കുന്നു.

എന്നാൽ ബാഹ്യാത്മകമായ ഭക്തിപ്രകടനം കൊണ്ട് ഭഗവാൻ തൃപ്തിപ്പെടുകയില്ലെന്നും പുണ്യതരങ്ങളായ ചില സ്വഭാവവിശേഷങ്ങൾ ഭക്തനിൽ ഉണ്ടാകാതെ കഴികയില്ലെന്നും താഴെപറയുംവിധം ഗീതയിൽ പ്രസ്താവിച്ചിരിക്കുന്നു.

"അദ്വേഷ്ടാ സർവ്വഭൂതാനാം
മൈത്ര: കരുണ ഏവച
നിർമ്മമോ നിരഹങ്കാര:
സമദു:ഖ സുഖ: ക്ഷമീ
സന്തുഷ്ടസതതംയോഗി
യതാത്മാദൃഢനിശ്ചയ:
മയ്യർപ്പിത മനോബുദ്ധിർ
യോമൽഭക്ത: സമേപ്രിയ.

ഇത്യാദിപ്രകാരം. യാതൊരുവനിൽനിന്ന് ജനങ്ങൾ ഭയത്തെ പ്രാപിക്കുന്നില്ലയോ യാതൊരുവൻ സന്തോഷം, അസൂയ, ഭയം, ഉദ്വേഗം എന്നിങ്ങനെയുള്ള ചിത്തവികാരങ്ങളിൽനിന്ന് മുക്തനായിരിക്കുന്നുവോ അവനും ഭഗവാന് പ്രിയനാകുന്നുവെന്ന് ഗീതയിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

നാമോച്ചാരണം, പുരാണപാഠം, കഥാശ്രവണം, വ്രതാനുഷ്ഠാനം മുതലായവകൊണ്ട് ഈശ്വരനെ ആരാധിച്ചാലും "അദ്വേഷ്ടാ സർവ്വഭൂതാനാം" എന്നു തുടങ്ങിയുള്ള ഗുണങ്ങൾ ഒരുവനിലുണ്ടാകാഞ്ഞാൽ അവനെ ഭഗവാൻ ശരിയായ ഭക്തനായി കണക്കാക്കുന്നതല്ലെന്നും കരുണാമസൃണമായ ചിത്തവൃത്തിയും സർവ്വപ്രാണികളോടുള്ള സ്നേഹവും, സഹജീവികളെ ഉള്ളഴിഞ്ഞ് സഹായിപ്പാനുള്ള അത്യന്തവും നിഷ്ക്കളങ്കവുമായ ആസക്തിയും ഭക്തനിൽ ഒഴിച്ചുകൂടാത്തതാണെന്നും ഗീതയിൽ പറഞ്ഞിട്ടുള്ളത് ഇക്കാലത്തെ പല ഭക്തന്മാരേയും ഓർമ്മപ്പെടുത്തേണ്ടതായിട്ടാണ് ഇരിക്കുന്നതെന്ന് ഈ അവസരത്തിൽ പ്രസ്താവിയ്ക്കാതെ തരമില്ല. ലോകത്തെ മട്ടിക്കുകയും, വഞ്ചിക്കുകയും ചെയ്യുന്നവനായാലും നിഷ്കിഞ്ചനനായാലും നിർദ്ദയനായാലും നാമോച്ചാരണവും കഥാശ്രവണവും ആരാധനാദികളും ക്രമമായി നടത്തിയാൽ ഈശ്വരഭക്തനാകുമെന്ന് കരുതുന്നതു വെറും വ്യാമോഹംതന്നെ.

"How can you understand your father in Heaven unless you can love your neighbour and understand the spark of divinity in him?

എന്ന് Thomas-a-kempis അദ്ദേഹത്തിന്റെ ലോകപ്രസിദ്ധമായ "Imitation of christ" എന്ന ഗ്രന്ഥത്തിൽ പറഞ്ഞപോലെ, സഹജീവികളിൽ ദൈവചൈതന്യത്തെക്കണ്ട് അറിഞ്ഞാദരിക്കുവാൻ സാധിയ്ക്കാത്തവനു് ജഗത്തിയന്താവായ ഈശ്വരനെ അറിവാനെങ്ങിനെ സാധിക്കും?" സർവ്വധർമ്മാൻ പരിത്യജ്യമാമേകം ശരണംവ്രജ" എന്നുതുടങ്ങിയ ഗീതങ്ങളിൽ നിരതനായവന്ന് രാഗദ്വേഷാദികളുണ്ടാകുന്നതല്ലെന്ന് പറയേണ്ടതുമില്ലല്ലോ.

ഭഗവൽഗ്ഗീതക്കുപുറമെ, ശ്രീമഹാഭാഗവതം, അദ്ധ്യാത്മരാമായണം മുതലായ ഗ്രന്ഥങ്ങളും പരമഭക്തിപ്രദങ്ങളത്രെ. അവയിൽ പ്രതിപാദിച്ചിട്ടുള്ള സനകൻ, സനന്ദൻ, സനത്കുമാരൻ, സനാതനൻ, നാരദൻ, പ്രഹ്ലാദൻ, ധ്രുവൻ, ഹനുമാൻ, അംബരീഷൻ, കാശ്യപൻ, ഋഷഭൻ, ജഡഭരതൻ, അക്രൂരൻ, ഉദ്ധവർ, ഭീഷ്മർ, അർജ്ജുനൻ മുതലായവരുടെ കഥകൾ അനന്തകാലീനന്മാർക്കുള്ള ഭക്തിമാർഗ്ഗദർശനങ്ങളായിട്ടാകുന്നു ശോഭിക്കുന്നത്. അടുത്തകാലത്ത് ജീവിച്ചിരുന്ന ശ്രീകൃഷ്ണചൈതന്യൻ, ജയദേവൻ, തുളസീദാസ്, തുക്കാറാം, രാമ്ദാസ്, ജ്ഞാനേശ്വരസ്വാമി, ഭക്തസൂർദാസ്, ഏകനാഥസ്വാമി, ശ്രീവല്ലഭാചാര്യർ, ശ്രീനിംബാർക്കാചാര്യർ, ശ്രീധരസ്വാമികൾ, വിജയകൃഷ്ണ ഗോസ്വാമി, ശ്രീരാമകൃഷ്ണപരമഹംസൻ, നാരായണ ഭട്ടതിരി, പൂന്താനം, തുഞ്ചത്താചാര്യൻ മുതലായവരും പ്രാത:സ്മരണീയന്മാരായ ഭക്തോത്തമന്മാർതന്നെ.

ഗുണമാഹാത്മ്യാസക്തി, രൂപാസക്തി, പൂജാസക്തി, ദാസ്യാസക്തി, സ്മരണാസക്തി, സഖ്യാസക്തി, കാന്താസക്തി, വാത്സല്യാസക്തി, ആത്മനിവേദനാസക്തി, തന്മയതാസക്തി, വിരഹാസക്തി, എന്നീ ഏകാദശാസക്തികളാകുന്നു. താമസരാജസഭക്തികൾ തെല്ലെങ്കിലും സ്പർശിയ്ക്കാത്തവരും സ്വാതികഭക്തിയിൽ മുഴുകിയവരുമായ മേൽപറഞ്ഞ ഭാഗവതോത്തമന്മാരുടെ ഭക്തിവിശേഷങ്ങൾ. വിരഹതാപമാണ്

പൂന്താനത്തെക്കൊണ്ട് "ഉണ്ണികൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ ഉണ്ണികൾ മറ്റുവേണമോ മക്കളായി" എന്നു പറയിച്ചതെന്ന് പ്രസിദ്ധമാണല്ലോ. "രാഗസ്താവജ്ജായതേ ഹി സ്വഭാവാൽ, മോക്ഷോപായോ യത്നതസ്യാൽ നവാസ്യാൽ, താസാം ത്വേകം തദ്ദ്വയം ലബ്ധമാസീൽ, ഭാഗ്യം ഭാഗ്യം പാഹിമാം മാരുതേശ!" എന്നിപ്രകാരം ഗോപസ്ത്രീകളെ ഉദ്ദേശിച്ച് ഭട്ടതിരി പറഞ്ഞത് കാന്താസക്തിയുടെ സൂചനയല്ലയോ?

വിഷ്ണുഭക്തന്മാരിലഗ്രേസരനായ പ്രഹ്ലാദൻ, തൂണിലും തുരുമ്പിലും ഈശ്വരനുണ്ടെന്ന് പ്രഖ്യാപിച്ച ഗുണമാഹാത്മ്യാസക്തിതന്നെയാകുന്നു തമിഴിലെ

"എങ്കെയെങ്കെപാർത്താലും
പാർപ്പതെല്ലാമൊൻറെ
എണ്ണിയെണ്ണിച്ചൊന്നാലും
ചൊൽവതെല്ലാമൊൻറെ
മാമുനിമാർകൾവികളിൽ
കട്ടളയുമൊൻറെ
പേരിലും പേരിലും
പരംപൊരുളുമൊൻറെ"

എന്ന മൊഴിയും വെളിപ്പെടുത്തുന്നത്.

പൂജാസക്തിയുടെ പാരമ്യത്താലാകുന്നു

"സ്വാദ്ധ്യായതപോദാനയജ്ഞാദികർമ്മങ്ങളാൽ
സാദ്ധ്യമല്ലോർത്തവനും കൈവല്യമൊരുനാളും
മുക്തിയെ സാധിക്കേണമെങ്കിലോ ഭവൽഭക്തി-
കൊണ്ടൊഴിഞ്ഞു മറ്റൊന്നിനാലാവതില്ല!!

എന്ന് അദ്ധ്യാത്മരാമായണത്തിലും "നിന്നുടെ പരമാർത്ഥമറിവാൻ ഭവൽകൃപയൊന്നുകൊണ്ടൊഴിഞ്ഞൊരു ഭക്തരാലാവൊന്നല്ലേ" എന്ന് ഭാഗവതത്തിലും പൂജ്യപാദരായ തുഞ്ചൻ പ്രതിപാദിച്ചത്.

"അഹം ബ്രഹ്മാസ്മി," "തത്വമസി," "സോഹം" എന്നീ വേദാന്തവാക്യങ്ങളിൽ മനസ്സുറക്കുന്നവക്ക് മരണഭയമില്ലാതാകുന്നു, ഭക്തനാകട്ടെ ജന്മത്തേയും മരണത്തേയും ഭയമില്ല. മനോവാക്കർമ്മങ്ങളെ ഈശ്വരനിലർപ്പിച്ച അദ്ദേഹത്തിന് എന്തൊരു ഭയമാണുണ്ടാകുവാനുള്ളത്? പരമഭക്തൻ പലപ്പോഴും ഉന്മത്തജളബധിരാന്ധമൂകരെപ്പോലെ പെരുമാറിയേക്കാമെങ്കിലും ചിലപ്പോൾ

"മൂകം കരോതി വാചാലം
പംഗും ലംഘയതേ ഗിരിം"

എന്ന നിലയിലും എത്തിയേക്കാം. ദൈവീകശക്തി പ്രവർത്തിക്കുവാനുള്ള ഒരു വാഹനം മാത്രമായിട്ടാകുന്നു ഭക്തൻ വർത്തിക്കുന്നത്. ഗീതയിൽ ഭഗവാൻ ഉപദേശിച്ചതും ഇതുതന്നെ. അതിനാൽ മതവ്യത്യാസമന്യേ ലോകത്തിലുള്ളവർക്കെല്ലാം മാർഗ്ഗദർശിയായി ഭവിക്കേണ്ടതായ ഭഗവൽഗീതയും അതിൽ പ്രതിപാദിച്ചിട്ടുള്ള ഭക്തിമാർഗ്ഗവും ഉത്തരോത്തരം പ്രചരിച്ച്, വ്യക്തികളും രാഷ്ട്രങ്ങളും അന്യോന്യം സ്നേഹിച്ച് ലോകംമുഴുവൻതന്നെ ഒരു ക്ഷേമലോകമായിത്തീരുമാറാകട്ടെ!

തവകഥാമൃതം
തപ്തജീവനം
കവിഭിരീഡിതം
കന്മഷാപഹം

ശ്രവണമംഗലം
ശ്രീമദാതതം
ഭുവി ഗൃണന്തി
തേ ഭൂരിദാജനാഃ

വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ

വിദ്വാൻ ശിരോമണി രാമചന്ദ്രൻ വടക്കോത്ത്

പരേതനായ കേസരി കുഞ്ഞിരാമൻ നായനാർ, കേരള സാഹിത്യത്തിലെ ഒരു സജീവശക്തിയായി ഇന്നും നമ്മുടെ ഇടയിൽ യശശ്ശരീരിയായി ജീവിക്കുന്നു. ആ ശക്തിയുടെ തേജഃപ്രസരം ഇക്കാലത്തും നമ്മുടെ സാഹിത്യത്തിലെ ഇളംതലമുറയെ കോൾമയിർക്കൊള്ളിക്കുന്നുണ്ട്. ചിരിക്കാത്തവരെ ചിരിപ്പിച്ചും, ചിന്തിക്കാത്തവരെ ചിന്തിപ്പിച്ചും, എതിർക്കേണ്ടവയെ എതിർത്തും നിസ്സങ്കോചമായ വിധത്തിൽ സാഹിത്യസേവനം അനുഷ്ഠിച്ച അദ്ദേഹം കൈരളീസാഹിത്യത്തിലെ ഒരജയ്യശക്തിയായി ഉപാസിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിലെന്താണുള്ളത്?

വ്യക്തിജീവിതം.

'ഇരുനിറത്തിലുള്ള സ്ഥൂലവും ഹ്രസ്വവുമായ ദേഹം, ഗാംഭീര്യം കലർന്ന ഭാവം, ഫലിതപൂർണ്ണമായ സംഭാഷണം, ചൊടിയോടുകൂടിയ നടത്തം, സ്നേഹിതന്മാരിൽ അനല്പമായ അനുഭാവം, ലോകതന്ത്രജ്ഞത എന്നിവയെ സമാഹരിച്ച് ചൈതന്യമർപ്പിച്ചിട്ടുള്ള ഒരു വിശിഷ്ട വിഗ്രഹം' ഇത്രയുമായാൽ കുഞ്ഞിരാമൻ നായനാരുടെ ചിത്രമായി, 'എന്നാണ് നായനാരുമായ്'' വളരെക്കാലം സുഹൃൽഭാവേന ജീവിച്ച സരസകവി കുത്താമ്പിള്ളി രാമൻ രാമൻനമ്പ്യാർ പറഞ്ഞുകാണുന്നത്. നായനാരുടെ ലേഖനങ്ങൾ വായിക്കുമ്പോഴും താദൃശനായ ഒരു വ്യക്തിയാണ് നമുക്കും അവയിൽ കാണാൻ കഴിയുക.

ബാല്യവും വിദ്യാഭ്യാസവും

1036 തുലാമാസത്തിലാണ് കേസരി ജനിച്ചത്. ഉത്തരകേരളത്തിലെ സമ്പന്നവും പ്രശസ്തവുമായ കുറ്റൂരു വേങ്ങയിൽ എന്ന ഗൃഹമാണ് അദ്ദേഹത്തിന്റെ തറവാട്. സമ്പത്തിന്റെ മദോന്മത്തത ലേശംപോലും തീണ്ടിയിട്ടില്ലായിരുന്ന വേങ്ങയിൽ വീട്ടുകാർ സർവ്വരുടേയും പ്രീതിക്കും ബഹുമാനത്തിനും പാത്രീഭൂതരായിരുന്നു. നായനാരെ സംബന്ധി വിശേഷിച്ചും. പില്ക്കാലത്ത് സാഹിത്യലോകത്തെന്നപോലെ നാട്ടുകാരുടെ ഇടയിലും അദ്ദേഹം അത്യന്തം ആദരിക്കപ്പെട്ടിരുന്നു. ഒരു തികഞ്ഞ പണ്ഡിതനും സഹൃദയനുമായിരുന്ന പുളിയപ്പറമ്പ് ദാമോദരൻ സോമയാജിയാണ് നായനാരുടെ വന്ദ്യപിതാവ്.

സംസ്കൃതത്തിൽ ശ്രീരാമോദന്തവും കൃഷ്ണവിലാസവും പഠിച്ചു. അതിനുശേഷം തളിപ്പറമ്പ് സ്കൂളിൽ ചേരുകയാണുണ്ടായത്. കോഴിക്കോട്ടെ ഗവൺമെന്റ് കോളേജിലും മദിരാശി പ്രസിഡൻസി കോളേജിലും വെച്ചായിരുന്നു നായനാരുടെ ഉപരിവിദ്യാഭ്യാസം. കൃഷിശാസ്ത്രത്തിൽ ഉപരിപഠനത്തിനായി സൈദാപ്പേട്ടയിലേക്കാണ് പോയത്. ഇതോടുകൂടി നായനാരുടെ വിദ്യാഭ്യാസചരിത്രം അവസാനിച്ചുവെന്ന് പറയാം.

പത്രപ്രവർത്തനം

പത്രപ്രവർത്തനത്തിലൂടെയാണ് നായനാരുടെ വ്യക്തിത്വം പ്രകാശിച്ചത്. 'സേവകനോ ശിപായിയോ ആ ധീരനായ ദേശാഭിമാനിയുടെ മുമ്പിൽ വിലപ്പോയിരുന്നില്ല. അന്യായത്തിനും അഴിമതിക്കുമെതിരായി നായനാർ തന്റെ തൂലിക ചലിപ്പിച്ചു. തൂലികയ്ക്ക് ഒരു പടവാളിനോളം ശക്തിയുണ്ടെന്ന സംഗതി നായനാർ തെളിയിച്ചു. കേസരി കുഞ്ഞിരാമൻ നായനാരെന്നു പറഞ്ഞാൽ അന്നത്തെ ഉദ്യോഗസ്ഥവൃന്ദം കിടുകിടെ വിറച്ചിരുന്നു. സരസനും സംഭാഷണചതുരനും ഫലിതപ്രിയനുമായിരുന്ന കേസരി പത്രലോകത്ത് നിർഭയനും കൃത്യലോപം വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്ക് തലവേദനയുണ്ടാക്കുന്നവനും ആയിരുന്നു. കേരളചന്ദ്രിക, കേരളപത്രിക, മലബാർസ്പെക്ടേറ്റർ മുതലായ പത്രങ്ങളായിരുന്നു നായനാരുടെ ലേഖനക്കളരി.

ഇങ്ങനെയൊക്കെയാണെങ്കിലും, അദ്ദേഹം സ്വന്തം പേർവെച്ചെഴുതുന്നതിൽ വിമുഖനായിരുന്നു. സ്വന്തം കൃത്യം ശരിക്കു നിറവേറണം എന്നല്ലാതെ,

തന്റെ പ്രതിഭാവിലാസത്തെ മററുള്ളവർ അറിയണമെന്നോ അതുവഴിതനിക്ക് പേരും പെരുമയും ഉണ്ടാകണമെന്നോ അദ്ദേഹത്തിന്ന് അധികം ആശയുണ്ടായിരുന്നില്ല ഇത്രയേറെ തൂലികാനാമങ്ങൾ ഉപയോഗിച്ച ഒരു വ്യക്തിയെ നമ്മുടെ പത്രലോകത്തിൽ കാണാൻ പ്രയാസമായിരിക്കും കേസരി ദേശാഭിമാനി, സ്വദേശമിത്രൻ, വിദൂഷകൻ, വജ്രനാളം, വജ്രസൂചി എന്നിങ്ങനെ ഓരോ പേരുകളിലാണ് നായനാർ ലേഖനങ്ങളെഴുതിയിരുന്നത്.

സാഹിത്യകാരൻ.

കഥകളോ കവിതകളോ ആയിരുന്നില്ല നായനാരുടെ സാഹിത്യപ്രവർത്തനരംഗം. ധിഷണാശാലിയും ഫലിതചതുരനുമായ ഒരു ഗദ്യലേഖകനായിരുന്നു അദ്ദേഹം. സംഭാഷണത്തിൽ തെളിഞ്ഞുകണ്ടിരുന്ന നർമ്മനൈപുണ്യം അദ്ദേഹത്തിന്റെ ലേഖനങ്ങളുടേയും ഒരു മുഖ്യഘടകമാകുന്നു വാസ്തവത്തിൽ ഈ നർമ്മനൈപുണ്യം അഥവാ ഫലിതരസികതയാണ് നായനാരുടെ സാഹിത്യപരമായ വ്യക്തിത്വത്തിന്റെ അടിക്കല്ല്.

നാട്ടെഴുത്തച്ഛന്മാർ, ദ്വാരക, മുതലായ ലേഖനങ്ങൾ മേല്പറഞ്ഞ വ്യക്തിത്വത്തിന് ഉത്തമനിദർശനങ്ങളാകുന്നു. നാട്ടെഴുത്തച്ഛൻ എന്ന ലേഖനത്തിലെ ഒരു ഭാഗം നോക്കുക— 'കഷണ്ടിയാണെന്ന് പറയാൻ പാടില്ലാത്ത വിധത്തിൽ തലയിൽ രോമം വളരെ കുറഞ്ഞു, ഇരുവിരൽ നെററി, കുണ്ടൻ കണ്ണു, ഒട്ടിയ കവിളു, നീട്ടംകുറഞ്ഞു ഇടവിസ്താരത്തോടു കൂടിയ മൂക്കു, നേരിയ ചുണ്ടു, ഒരുമാതിരി പല്ലുന്തലോടുകൂടിയ നീണ്ട പല്ലു വലിയ മുഴയോടുകൂടിയ വണ്ണംകുറഞ്ഞ കഴുത്തു, നെഞ്ഞത്തുനി രോമംപോലും ഉരപുഷ്ടിയില്ലാതെ മെലിഞ്ഞ ദേഹം, കയ്യും കാലും നന്നെ നേർത്തു കഞ്ഞിപ്പിച്ച് മുട്ടമാവുന്നതായ കട്ടിമുണ്ടും ഉടുത്ത്, ഏടങ്ങഴിഭസ്മവും വാരിത്തേച്ച് നല്ലൊരെഴുത്താണി പിശ്ശാങ്കത്തിയുമായി, ഒരു ക്ഷയരോഗിയുടെ മാതിരി എല്ലായ്പോഴും കുരച്ചുകൊണ്ട്, ചൊറിഞ്ഞുകൊണ്ട്, ആകപ്പാടെ മനുഷ്യാകൃതിയിൽ ഭയങ്കരമായിട്ടുള്ള ഒരു പൈശാചികരൂപം കണ്ടാൽ, അതൊരു എഴുത്തച്ഛനായിരിക്കണമെന്ന് ഊഹിക്കുന്നതായാൽ അധികമായ അബദ്ധമൊന്നും വരാനില്ല' എഴുത്തച്ഛന്റെ ഈരൂപം ഒരിക്കലും നമ്മുടെ ഹൃദയത്തിൽനിന്ന് മാഞ്ഞുപോകുകയില്ല. ഓരോ വാചകത്തിലും നാട്ടെഴുത്തച്ഛന്മാരുടെ ദയനീയജീവിതത്തിൽകൂടി ഊറിയൂറി വരുന്ന പരിഹാസവിലാസവും വസ്തുസ്ഥിതികഥനചാതുര്യവും അതിന്റെ ജീവനെന്ന് പറയാം അനുകരിക്കാൻ കഴിയാത്ത ഊർജ്ജസ്വലമായ ഒരു ഗദ്യശൈലിയാണ് നായനാരുടേത് എന്ന വസ്തുതയും വിസ്മരിക്കാവുന്നതല്ല.

ഭാഷാസാഹിത്യത്തിന്റെ ഉൽക്കർഷത്തിന്നും സ്വച്ഛതക്കും വെറും ഗ്രന്ഥങ്ങൾ അധികമുണ്ടാവുന്നതുകൊണ്ട് മാത്രം പ്രയോജനമില്ല, എന്ന അഭിപ്രായമാണ് നായനാക്ക് ഉണ്ടായിരുന്നത്. അപഥസഞ്ചാരികളായ സാഹിത്യകാരന്മാരെ അദ്ദേഹം ഒരിക്കലും വെറുതെ വിട്ടിരുന്നില്ല. കുന്ദലതയ്ക്കും ഇന്ദുലേഖയ്ക്കും ശേഷം, മലയാളത്തിൽ ഉണ്ടായ ആത്മാവില്ലാത്ത നോവലുകളുടെ ആവിർഭാവം നായനാരെ രോഷാകുലനാക്കിത്തീർത്തിരുന്നു. അദ്ദേഹം എഴുതുന്നു– 'മലയാളഭാഷയിൽ, ഗദ്യരീതിയിൽ പുസ്തകങ്ങൾ അധികമില്ലാത്തതുകൊണ്ട് വല്ലതും എഴുതിക്കൂട്ടിയാൽ എളുപ്പത്തിൽ പേരു സമ്പാദിക്കാമെന്നല്ല, അത്രമാത്രം വല്ലതും ആദായം കിട്ടുവാനും മതിഎന്ന് വിചാരിച്ച്, നാളെമുതൽ ചെറുപിള്ളമാർകൂടി 'അളകാപുരി, അളകാപുരി എന്നൊരു പട്ടണം, അളകേശൻ അളകേശൻ എന്നൊരു രാജാവ്, ഭട്ടി ഭട്ടി എന്നൊരു മന്ത്രി.......'എപ്രിഞ്ഞന്ന സരസ

തീവിലാസംപോലെ നോവൽ എഴുതിത്തുടങ്ങും

ഈ പരിഹാസം സദുദ്ദേശപ്രചോദിതമാണെന്നുള്ളതിൽ സംശയമില്ല. കേസരിയുടെ അഭാവം, ഇനിയും നികത്തപ്പെടാനാവാത്ത ഒരു വിടവായി കിടക്കുകയാണ്. നായനാരുടെ ലേഖനങ്ങൾ വായിക്കുമ്പോൾ, ആ പ്രതിപാദനരീതി നിഷ്പ്രയാസം കൈവശപ്പെട്ടതാമെന്നു തോന്നും. പക്ഷെ, വെറും മരീചികയാണ് ആ തോന്നൽ. അദ്ദേഹം അപൂർവ്വനാണ് അക്കാര്യത്തിൽ.

ഗംഭീരനായ ഒരു ഗദ്യകാരൻ—എന്നു കേസരിയെ വിശേഷിപ്പിക്കുന്നതായാൽ, അതതിശയോക്തിയായിരിക്കയില്ല. പ്രഗത്ഭനും ഫലിതപ്രിയനുമായ കേസരിയുടെ പ്രതിഭക്ക് നമോവാകം.

ആ രാത്രി

ജനമേജയൻ, കല്ല്യങ്ങൽ ബി. എ.

എത്രഞാനിന്നു നീ സ്വപ്നംകണക്കെ-
യിങ്ങാനതിരിച്ചുപോയ് രാവേ
കണ്ണുചിമ്മി തുറന്നിടും മുന്നേ
വിണ്ണിൽനിന്നു നീ യെങ്ങോ മറഞ്ഞു

എങ്കിലും പ്രിയരാവേ, നിൻ ചിത്ര-
മെന്നിലെന്നെന്നും മായാതെനില്ക്കും
സഞ്ചരിക്കുന്നെന്നോർമ്മയിലിന്നും
പുഞ്ചിരിച്ചോരാ താരകവൃന്ദം.

മൽക്കരങ്ങൾ പിടിച്ചുനയിച്ചു
മൽസഖിയൊരു പൈതൽകണക്കെ
കേരവൃക്ഷങ്ങൾ മോദംകലർന്നു
പാരംനീട്ടിവിടർത്തി കരങ്ങൾ
ഞങ്ങളെക്കണ്ടു നാണിച്ചുനിന്നു-
യെങ്ങും സസ്യലതാദികൾപോലും

അപ്പുഴിമണ്ണിൽ ഞങ്ങളിരുന്നു
ഒപ്പംതാരകൾ പുഞ്ചിരിതൂകി
അക്കുളിർക്കാററുമെത്തിയന്നേരം
സല്ക്കരിക്കുവാൻ ഞങ്ങളെ മോദാൽ.

നീണ്ടകാലത്തെ വേർപാടുകൊണ്ടോ-
രിണ്ടലുണ്ടായ മത്സഖിമുള്ളാൻ
പുഞ്ചിരിക്കുമാ ചുണ്ടുകളെന്തോ-
സഞ്ചരിപ്പതുണ്ടെന്നു തോന്നിമേ
ഭൂതകാലമതിത്രവിശേഷ-
മേതുമിച്ചിരിതന്നിൽ തെളിഞ്ഞു.

ചുംബനാമോദമൊന്നർപ്പിച്ചു ഞാനാ-
യംബിളിയെ കടാക്ഷിച്ചുനില്ക്കേ,
ദിവ്യമാമേതോ രാഗവിശേഷം
വ്യാമയാരാവാസരത്തിങ്കൽ
ഞങ്ങളൊന്നായി താരകംപോലും
ഞങ്ങളെക്കണ്ടു നാണിച്ചുപോയി.

പുസ്തകാഭിപ്രായം.

ജിൻവാൽജിൻ.

(വിദ്വാൻ കെ. പ്രകാശം)

വളരെക്കാലമായി സാഹിത്യക്ഷേത്രത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ച വിദ്വാൻ കെ. പ്രകാശം ഏതാനും വർഷങ്ങൾക്കുമുൻപ് എഴുതി പ്രസിദ്ധീകരിച്ച "ജിൻവാൽജിൻ എന്ന പുസ്തകത്തിൻെറ രണ്ടാം പതിപ്പ് ഞങ്ങൾക്ക് അഭിപ്രായത്തിന്നയച്ചുതന്നു. പത്രാഭിപ്രായം അറിയുകയെന്നത് ഒരു ഗ്രന്ഥത്തിൻെറ പ്രചാരത്തിന്ന് ആവശ്യമാണ്. പക്ഷെ സാഹിത്യമർമ്മജ്ഞനായ വിദ്വാൻ പ്രകാശം, ഫ്രഞ്ചുസാഹിത്യകാരന്മാരിൽ പ്രമുഖനായ വിക്ടർ ഹ്യൂഗോവിൻെറ "ലെസ്സ്മിസ്സറബ്ലസ്" എന്ന വിഖ്യാതമായ ആഖ്യായികയെ സംഗ്രഹിച്ച് വിദ്യാർത്ഥികൾക്കുപകരിക്കമാറ് പാകപ്പെടുത്തിയിട്ടുള്ള ഈ ജിൻവാൽജിനെ എത്രയോ മുമ്പുതന്നെ ടെക്സ്റ്റ്ബുക്കുകമ്മിറ്റിക്കാർ അംഗീകരിച്ചു ബഹുമാനിച്ചിരിക്കുന്നു. അതുകൊണ്ട് ഞങ്ങളുടെ ഈ അഭിപ്രായം ഇവിടെ അപ്രസക്തമാണ്. എങ്കിലും സ്വധർമ്മം അനുഷ്ഠിക്കേണ്ടതല്ലേ?

'ജിൻവാൽജിൻ' സശ്രദ്ധം വായിച്ചു. "ലെസ്സ് മിസറബ്ലസ്" എന്ന ആഖ്യായികയെ യശശ്ശരീരനായ നമ്മുടെ നാലപ്പാട്ടു നാരായണമേനോൻഅവർകൾ വിവർത്തനം ചെയ്ത് മൂന്നു വാള്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻെറ ഒരു സംക്ഷിപ്തപ്പതിപ്പാണ് 'ജിൻവാൽജിൻ' പുസ്തകം വളരെ നന്നായിട്ടുണ്ട്. പക്ഷെ പ്രകാശത്തിൻെറ ജിൻവാൽജിൻ വായിച്ചുകൊണ്ടിരിക്കുമ്പോൾ ഏതോ ഒരു മേനോൻ എഴുതിയ 'പാവങ്ങൾ' എന്ന ഒരു ഗ്രന്ഥം എൻെറ ശ്രദ്ധയിൽ പെട്ടു പ്രകാശത്തിൻെറയോ, മി: മേനോൻെറയോ ഗ്രന്ഥമാണ് ആദ്യം പ്രസിദ്ധീകരിച്ചതെന്നു കണ്ടുപിടിക്കുവാൻ ശ്രമിച്ചുവെങ്കിലും, ലുപ്തപ്രചാരവും എൻെറ കൈവശം കിട്ടിയതു ആദ്യന്ത വിഹീനവുമായ ഒരു പഴയ പതിപ്പായിരുന്നതുകൊണ്ടും ഞാനശക്തനും ആശങ്കക്കധീനനുമായി. എന്തായാലും ഒരു താരതമ്യ പഠനം ചെയ്തു. വാചകങ്ങൾ തിരിച്ചും മറിച്ചും ഉപയോഗിച്ചിട്ടുണ്ട് എന്നൊരു വ്യത്യാസമേ തോന്നിയുള്ളു. രണ്ടും ഒന്നുതന്നെ രണ്ടുപക്ഷം തെറവുകൾ പററിയിട്ടുണ്ട് എല്ലാം ഒരേതരം തെററുകൾ! ഇവിടെ ഒന്നുരണ്ടു സാമ്പിൾ കാണിക്കാം.

"പ്രതാപസിംഹൻ അക്ബരോട് ഏററുമുട്ടുന്നതിന്ന് അനുകൂലമായ പരിതഃസ്ഥിതികൾ ഉണ്ടാക്കുവാൻ അദ്ധ്വാനം ചെയ്തുകൊണ്ടു കാട്ടിൽ വളരെക്കാലം കഴിച്ചുകൂട്ടി"

"അക്ബറോട് ഏററുമുട്ടുന്നതിന്ന് അനുകൂലമായ പരിതഃസ്ഥിതികൾ സൃഷ്ടിച്ചുകൊണ്ട് പ്രതാപസിംഹൻ കാട്ടിൽ വളരെക്കാലം കഴിച്ചുകൂട്ടി"

മൂലഗ്രന്ഥത്തിലെ കഥാപാത്രങ്ങളുടെ പേരിൽ വരുത്തിയ മാററങ്ങളും തെററുകളും രണ്ടുപേക്കും സംഭവിച്ചിട്ടുണ്ട്. "കൊസത്തി"നെ "കൊസത്ത്", "ജാവറി"നെ "ജീവർ" എന്നും "ജോൺഭൂത്തിനെ "ജിൻഭൂത്തെ"ന്നും രണ്ടുപേരും ഒരുപോലെ മാററിച്ചേർത്തിരിക്കുന്നു. തന്നെയല്ല ഒരിടത്ത് "ജീൻഭൂത്ത്"എന്നു തെററിയെഴുതിയിരുന്നു. അതും മററതിൽ അനുകരിച്ചിരിക്കുന്നു.

ജിൻവാൽജിൻ 98-ാംപേജിൽ, എനിയ്ക്കു കുട്ടികൾ നാലുണ്ട്, മൂലത്തിൽ ഏഴുണ്ട്. ജിൻവാൽജിൻ 38-ാംപേജിൽ ഫൻറിൻ മുടിവില്ക്കുന്നതു 75ഫ്രാങ്കിന്നാണ്. മൂലത്തിൽ 10ഫ്രാങ്കിന്നാണ് ഈ വിധം മൂലഗ്രന്ഥപരിചയം സിദ്ധിക്കാതെ ഒരാൾക്ക് തെററിയ തെററുകളെ മററാൾ അനുകരിക്കുകയാണ് ചെയ്തിട്ടുള്ളതെന്നു തോന്നുന്നു. അതുകൊണ്ട് പ്രകാശത്തിൻെറ പരിഭാഷയോ, മി: മേനോൻെറ പരിഭാഷയോ ആദ്യം ഉണ്ടായതെന്ന് തെളിക്കുന്നതു പ്രകാശത്തെ സംബന്ധിച്ചിടത്തോളം ഏററവും പ്രയോജനപ്രദമാണ്. സാഹിത്യചോരണംകൊണ്ട് കവികളായിത്തീർന്നിട്ടുള്ളവർ ഇന്നു കേരളത്തിൽ വിരളമില്ല. പക്ഷെ, ആ കൂട്ടത്തിൽ വിദ്വാൻ പ്രകാശം പെടുകയില്ലെന്നും, പെടരുതെന്നും ഞങ്ങൾ വിശ്വസിക്കുകയും, അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

കെ. വി. ശങ്കരക്കുറുപ്പ്.

വേണുഗാനം.

കെ. കെ. വ.

അഭിപ്രായത്തിനായച്ച ശ്രീ: ടി. ആർ. നായരുടെ 'വേണുഗാനം' ആദ്യാവസാനം—അവതാരികയോട്—അവസാനംവരെ—വായിച്ചു. അവതാരികയെ നോക്കുമ്പോഴാണത് അതിനെ മിക്കവാറും അവഗണിക്ക മതിയാകയാലാണ്. അതിനു കാരണമില്ലായ്കയില്ലതാനും എന്നാൽ ഗ്രന്ഥനിരൂപകനു അതു ഒഴിച്ചു മാറാൻ വയ്യാത്ത ഒരു കർത്തവ്യമാണ. ഇവിടെ അതു ഒരു ഉപോദ്ഘാതമായിട്ടാണ വന്നിരിക്കുന്നതും

അവതാരകൻ ഇവിടെ അവതരിപ്പിക്കുക മാത്രമല്ല ചെയ്തിട്ടുള്ള. ഒരു നല്ല നിരൂപണംതന്നെ കഴിച്ചിട്ടുണ്ട്. അതിനാൽ വിമർശനത്തിനു വക കഷ്ടിയായിരിക്കുന്നു.

'വേണുഗാനം' എന്ന പേരിന്റെ ഔചിത്യത്തെ തന്നെ ആദ്യമെടുക്കാം. ഒരു സമാഹാരത്തിലെ ആദ്യ കവിതയുടേയോ മുഖ്യകവിതയുടേയോ വിഷയത്തിന്റേയോ ശീർഷകത്തെ ആധാരമാക്കി ആ ഗ്രന്ഥത്തിനൊട്ടാകെ ഒരു പേർ കൊടുക്കുക ഒരു പതിവായിട്ടുണ്ട്. ഇതു ആ ഉദ്ദേശത്തോടെ ചെയ്തതാണെങ്കിലും അല്ലെങ്കിലും അർത്ഥവത്തായിട്ടുണ്ട്. വേണുഗാനം കർണ്ണാമൃതമാണല്ലോ. ഇതിലെ എല്ലാ കൃതികളും കർണ്ണാമൃതമാണെങ്കിൽ അതിനു വേണുഗാനമെന്ന പേർ ചേർച്ചതന്നെയല്ലേ. പ്രതിഭാശാലിയായ അവതാരകൻ ശ്രീ: പുത്തേഴത്ത് അവതാരികയുടെ അഞ്ചാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള സംഗതികൾ പത്തു പ്രാവശ്യം എടുത്താവർത്തിച്ചു പറഞ്ഞാലും അതു അധികമായിയെന്നു വരുന്നതല്ല. 'നാളും ദേവതയുമില്ലാത്ത' ശീലുകൾ ശീലിച്ചിട്ടില്ലാത്തവർ പ്രയോഗിച്ചാൽ പൊവ്വും ചേലുമില്ലാത്ത വഴിച്ചാലിൽ വഴുതി വീഴാൻ വഴിയുണ്ട്. 'യതിവൃത്തഭംഗാദികളും', 'നീട്ടലും കുറുക്കലും നിർത്തലും എടുക്കലും' മറ്റുമൊക്കെ "പാട്ടിലാക്കി" പാട്ടുണ്ടാക്കലാണല്ലോ ഇപ്പോഴത്തെ കവിതക്കണ്ടത്തിലെ കൂട്ടുകൃഷി "കവിത" ശ്ലോകത്തിൽ വേണമെന്നൊരു നിർബ്ബന്ധമുണ്ടായിരുന്നെങ്കിൽ" എന്നു തുടങ്ങിയ ആ ഖണ്ഡികയിലെ അവസാനവാചകം അവതാരകൻ അത്യന്തം ഹൃദയവേദനയോടെ പറയുന്നതായി തോന്നുന്നു. മരുപ്പച്ചകണ്ടു പഴയ ആദർശത്തിൽനിന്നു പതറാതെ നില്ക്കുന്നവരുടെ ഹൃദയവേദികളിൽ അതു പ്രതിസ്പന്ദം ഉളവാക്കുന്നതുമാണ. ആ വരികളിൽ വെളിവായും വ്യംഗ്യമായും അന്തർഭവിച്ചു കിടക്കുന്ന അർത്ഥങ്ങൾ സൂക്ഷ്മദൃക്കുകൾക്കു സുവിദിതമാണ.

സംസ്കൃത വൃത്തങ്ങളിൽ കൈത്തഴക്കം അധികം കാണിക്കുന്ന ഈ കവി കുഞ്ഞൻ അവയെ മറക്കാതെ മരുന്നിനെങ്കിലും എടുത്തു പെരുമാറുന്നതു ഭാഗ്യംതന്നെ. 'ഓട്ടം കമലന്റെ, 'ചിന്നത്തിങ്കൾ' 'മാറ്റുവമ്പാരെ', 'അലമാല' എന്നീ പ്രയോഗങ്ങൾ ദുശ്രവങ്ങളാകയാൽ കൂടാതെ കഴിക്കാമായിരുന്നു.

പലവക.

കോയമ്പത്തൂരിൽനിന്നു കെ. ജി. പണിക്കർ ഈ വിധം എഴുതുന്നു.

ശ്രീ: വൈലോപ്പിള്ളിക്കുറുപ്പ് എന്റെ സംശയാത്മകമായ "ജിജ്ഞാസ"ക്കു ശരിയായ അർത്ഥം മനസ്സിലാക്കാതെ വെറിപിടിച്ചുകളഞ്ഞതിൽ വളരെ കുണ്ഠിതമുണ്ട്.

"ഗാഢഃസ്നേഹോ പി പ്രിയഃകേന്ദ്രേ
ഭീതിപ്രദമേവ പ്രയച്ഛതി"

എന്ന തത്വത്തെ സാക്ഷിയാക്കി, അതിനാലുണ്ടാവുന്ന വിപത്തുകളായ അന്യ പത്രങ്ങളെ സമ്പാദിക്കാവതാക്കിക്കാണിച്ചു സ്ഥിരത വരുത്തിക്കാണിക്കണമെന്നാണ് എന്റെ വിവക്ഷ. അല്ലാതെ പിന്നെ കേന്ദ്രസമിതി മീറ്റിംഗിനെ പ്രധാനം ചെയ്യുക എന്ന ഭാഗത്തെ ഖണ്ഡിക്കുവാൻ പഴഞ്ചൊല്ലുകളായ രണ്ടാം പ്രമാണങ്ങളെ കളരി നാലാംലക്കത്തിൽ എട്ടാം പേജിൽ ഉന്നയിച്ചിട്ടുള്ളതു ശ്രദ്ധേയമാകുന്നുവല്ലോ.

വണ്ടും തണ്ടാരും, ആമ്പലും അമ്പിളിയും കൂട്ടിച്ചേർക്കുകയല്ല പരമാർത്ഥത്തിൽ ഗ്രന്ഥനിർമ്മാണം.

പ്രമാണങ്ങളെ അവയഹിക്കുന്നവിധം തിരഞ്ഞെടുത്തു പ്രകൃതോപയോഗയോഗ്യതയാൽപാകപ്പെടുത്തി ഖണ്ഡനാതീതമായ വിധേയമാക്കാതെ ചെയ്യുന്ന ഗ്രന്ഥനിർമ്മിതി ശ്ലാഘനീയമായിരിക്കും. അല്ലാതെ അവിടവിടെ കാണുന്ന വാക്യങ്ങളെ വാരിക്കൂട്ടി ഒരു പുസ്തകമാക്കി വലിയൊരു പേരും കൊടുത്തു വിജയിച്ചുവെന്നു കരുതുന്നതു വിജയമല്ല

"ഛായാമപഹരതി കവിഃ
പാദമേകം പാദമേക മർദ്ധംവാ
സർവ്വം നിഹത്യ മത്തോ സാഹസ
കർത്രേ നമോസ്തു സത്കവയേ"

SONG OF LIBERTY

By

JAYASENAN AYINIKKAT

(MALABAR)

Embracing the damsel of dawn having subtle crimson hilarious smiling cheeks—, Caressing gaily the goddess of Morn dancing together with the gorgeous fragrant marigold flowers bloomed in the blood-drops of the celestial gardens of nature, dressed with the golden velvet sarees having the effulgent halo of myriads of fascinating rainbows and rose flowers,

A song of mourning overflowing with the hot tear drops and lamentations rises up from that hut,

When the apparition of beauty of nature laughs melodiously!!

* * *

The night, as the black ghastly shroud used to cover the body of the dead day when it is being burned in the glowing pyre of evening, emerged and in that horrible night,

When the pregnant dense clouds of women deliver the raindrops pangfully with the tear drops, hearing the roaring earthquake of the thunders,

A pathetic song bitter with the moaning of a life, echoes in the broken walls of that rotten cottage...........!

* * *

From thaterished red flag lying in a nook of that hut,

[illegible] the whole red blood flowed for the birth of independence,

A song of liberty resurrects!

* * *

That song!

The song of revolution coming from the blood stained decayed skulls of the cemetery of the martyrs,

The carol of merriments fleeing to the heavens of equality of tomorrow from the hell of yesterdays' slavery and misfortunes when the great men who sacrificed their sacred lives for the shining freedom of today,

Heaves into lhe placid silence of the infinity of atmosphere from a corner of that hut.........!!

* * *

The song of revolt!

From the souls of souls of the thousands of martyrs who sacrificed their lives for liberty,

From the depth of the dead stone-like heart of the bygone lavery,

From that region of light of the today's golden lamp of gaiety shining from the oil of pangs of yesterday,

That song flows limitlessly...................

* * *

About her darlings who dedicated their souls happily for liberty,

About her beloved brothers who showed their breasts bravely against the colossal guns of brutal laws,

A woman, as a live symbol of tolerance and patience, sings in the corner of a hut;

Yes, that feeble vibrating skeleton sings piteously!

* * *

Looking the corpses of the men who suffering unbearable starvation suppression and disappointment continuously as animals, hanged themselves as the flages of a 'promised Land'—Ramarajyam — the imaginary paradise of equality—,

Spying her sons who kissed the gallows of violence with anguish and mirth for liberty, as the symbols of non—violence,
The mother sings sympathetically!

* * *

The mother sings, payings homage to those eternal cynosures with the bones of cemetery, with the bloodstained sickles and with the smiling red flowers..............
Yes, she sings as if it has no end......

* * *

The dreadful tremendous thunders of the revolution of that song shakes even that very horizon;

Hills of gem covered with the gowns of emerald, trembles when they hear the tinkling sounds of those rusty sickles of the poor...................

Bent as a sickle, she cries in that old mat...............

The song come from the cenotaph of the love of humanism which died before it bloomed, thrills the mother!

* * *

In that hut where a martyr was born
In that country where everybody expected in their hearts to appreciate happiness to its summit,

In that heaven where all human beings prayed for the birth of a red morn of reformations,

The mother sings...........
It is, an endless carol
It flows like the Ganges;
It asks again and again,
When this human world would wear itself the coronet of happiness?..................................
oh !

She desires to die after perceiving a life of beauty and becoming slightly happy;

When it will come ?
Oh! a carol of liberty!

* * *

When the stars as they are cheerfully expecting the future beauties of this world, smile with a bewilderment,

When the odourous red lotus flowers of the autumn golden crescent moon look that mother with extravagant rapture with teardrops in the angles of her eyes, from the black cenotaph of the dead firmament where blue clouds of violence are roaring
Wonder ! a song rises up !

* * *

The song of introspection !
A red dawn peeps out when she sees the significant eyes of the mother !

In that red dawn rising up in the remote horizon adorned with the garlands of bloody roseflowers and rainbows with the crimson flags,

The red flags dance gaily in the breeze of the replication of that carol of independence!

Ah! friends: it is miraculous! Lock—
The black shroud of darkness vanishes and the radiating red morn of blossoming rose flowers which would exhilarate us, peeps out through the eastern serene magnificent gate!

Mother' let that carol be victorious!!! ...
(Copy right to the author)

THE ROMANCE OF SINGAPORE

(V. K. S. NARAYANAN, SINGAPORE.)

The very name of Singapore carries the mind beyond the limits of authentic history. Singhapura (Lion City) is not a Malay name but a Sanskrit one and it is an echo of the period when Indian influence was dominent in Malayasia, before the coming of Islam.

It was an Indian prince, of Sri Vijaya, who first recognised the strategic importance of the island and who planted a colony on the island about 1250 A D. and founded a ruling dynasty.

The Singhapura of sri Vijaya was a mighty place. The European travellers of 15th and 16th centuries spoke highly of it although they had seen only the ruins of the Lion City, after it had been conquered by the Javanese Kingdom of Majapahit, towards the end of the 14th century.

When the Portuguese took Malacca in 1511 the fame of the old Singhapura was still remembered by the Malays. A Portuguese writer of that century says that Singapore used to be the resort of shipping from India and of traders from China, Siam, Champa, Cambodia and the Malayan Archepelago

A son of d' Albuquerque, who conquered Malacca writing from notes left by his father, says that "it was a large and populous town as is attested by the great ruins visible today."

In modern Singapore nothing has survived of the old Lion City except its name and a grave on fort Canning Hill where one of the Indian Hindu kings may have been buried.

* * * *

Indians from the most literate Asian communities in singapore. The progress of the Indians is more prominent when literacy among is considered. In English education, too Indians lead the way with 217 men add 146 women out of every 1,000 being literate, against 115 and 59 respectively in the case of the Chinese community.

Even when Sir Stamford Raffles came to Penang in the 19th century the name of Singapore was still important enough in the Malay manuscripts, which he studied to attract him to the place when he came south with his fleet to look for a site for a new trading station in which the English East India Company could of the complete with the Dutch for the trade East Indies and for political influnce in th at region.

Ruled from the British Indian capital of Calcutta, Singapore drew its labour and clerical staff from that country. Indian labour built Singapore's roads and public buildings Indians manned the Defence Departments, Municipal services departmens and Harbour Board. Minya Chinese capitalist of today both in Malaya and Singapore, owed his start in life to capital borrowed from the South Indian Chettiar money-lender.

Indians dominate the trade union movement. They are heavily represented in the Colony's two indegenous political parties, Labour and Progressives. About one-third of the members of the Municipal Commission and Legislative Council are of Indian origin.

* * * *

The nineteenth century saw the birth and growth of many cities of the present day, in North America, Australasia and on the China Coast. But the history of the modern world knows no greater romance than the foundation of Singapore and no more miraculous crontrast than that presented by Singapore as it was when Raffles first saw it, and hoisted the British flag on the plain near the mouth of Singapore River on February 6 1819 and signed the tratìes with the Sultan and territorial chief, and as it is today.

The essence of Singapore's strategic importance is that it is situated in a key position between East and West, and is an anchor point for the outer ring of defences for the continent of Australia and even America herself. The line of forward defences stretches from Malaya to Philippines by way of Saravak on to Formosa through the Japanese string of Islands swings out to the Aleutians and so to the mainland of Alaska

It is the fervent hope of every sane person in the World today that there will be no Third World War. If it comes, however, there is little question that Singapore and Malaya will have a vital part to play.

* * * *

Indians have aroused the jealousies of other communities in Singapore. It has been the practice of some politicians, whenever they want to create in other communities an interst in politics, to say that the Indians are ready to swamp them. But it is quite unfounded. The best that can be done for the amicable relationship between Indians and other communities in this country is to forget their past and identify themselves completely with Singapore and for others to remember what the Indians have contributed to the present greatness of the colony.